Sl no.
2364

കേരള സർക്കാർ

# സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ പ്രവർത്തനങ്ങൾ 1982

ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ്
സ്ററാററിസ്ററിക്സ്

# സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ പ്രവർത്തനങ്ങൾ 1982

ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആന്റ് സ്ററാററിസ്ററിക്സ്

# ആമുഖം

സാമ്പത്തിക സ്ഥിതിവിവര വകുപ്പിൻെറ പ്രവർത്തനങ്ങളെപ്പററിയുള്ള ഒരു സംക്ഷിപ്തവിവരണമാണ് ഈ പ്രസിദ്ധീകരണത്തിലെ പ്രതിപാദ്യ വിഷയം. വിവിധ മേഖലകളിൽ ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശാസ്ത്രീയമായി ശേഖരിച്ച് വികസന ആസൂത്രണത്തിന് പ്രയോജനമാക്കി കൊടുക്കുകയാണ് ഈ വകുപ്പിൻെറ പ്രധാന ജോലി. താലൂക്കു തലത്തിലും ജില്ലാ തലത്തിലും ശേഖരിക്കുന്ന വിവരങ്ങളുടെ അപഗ്രഥനം സംസ്ഥാനതലത്തിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ഇന്നത്തെ രീതിയിൽ പ്രധാനമായും ഡയറക്ടറേററിൻെറ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

വകുപ്പിൻെറ ദൈനംദിന പ്രവത്തനങ്ങളെക്കുറിച്ചുള്ള ഭരണറിപ്പോർട്ട് വർഷംതോറും പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിലും വിവിധ മേഖലകളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ കൂടുതൽ വിശദീകരിച്ച് സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഈ പ്രസിദ്ധീകരണത്തിൻെറ ഉദ്ദേശം.

ഈ പ്രസിദ്ധീകരണം വകുപ്പിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ വന്നുപോയിട്ടുള്ള പാകപ്പിഴകൾ ചൂണ്ടിക്കാണിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്നുള്ള അപേക്ഷയോടെ ഇത് സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം.
5–1–1983.

ഡോ. ആർ. എസ്. കുറുപ്പ്,
ഡയറക്ടർ.

37/115/MC.

# സൂചിക


| | | പേജ് |
|---|---|---|
| 1. | കാർഷിക സ്ഥിതിവിവരക്കണക്കു വിഭാഗം | 1 |
| 2. | കാർഷിക സെൻസസ് (1980–81) | 1 |
| 3. | ജലസേചന സ്ഥിതിവിവരക്കണക്കു മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി | 4 |
| 4. | കൃഷിച്ചെലവു സംബന്ധിച്ച സർവ്വേ | 4 |
| 5. | വ്യാവസായിക സ്ഥിതിവിവരക്കണക്കു വിഭാഗം | 4 |
| 6. | വ്യാവസായിക ഉൽപ്പാദന സൂചിക | 4 |
| 7. | സാമ്പത്തിക സെൻസസ് | 5 |
| 8. | വിലനിലവാര വിഭാഗം | 6 |
| 9. | കുടുംബ ബഡ്ജററ് സർവ്വേ | 9 |
| 10. | ഗാർഹിക ഉപഭോഗ സർവ്വേ | 10 |
| 11. | സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം | 10 |
| 12. | കെട്ടിട നിർമ്മാണക്കണക്കുകൾ | 12 |
| 13. | കൺസ്ട്രക്ഷൻ ആക്ററിവിററി സർവ്വേ | 12 |
| 14. | ജനസംഖ്യാ ശാസ്ത്ര ഗവേഷണ കേന്ദ്രം | 13 |
| 15. | സന്താനോൽപ്പാദനത്തിൽ വന്നിട്ടുള്ള മാററങ്ങളുടെ കാരണങ്ങളെ സംബന്ധിച്ചുള്ള സർവ്വേ | 16 |
| 16. | മനുഷ്യശക്തി കണക്കു കൂട്ടൽ വിഭാഗം | 16 |
| 17. | തൊഴിൽ സ്ഥിതിവിവരക്കണക്കു വിഭാഗം | 17 |
| 18. | കയർ തൊഴിലാളി സർവ്വേ | 17 |
| 19. | വേതന ഘടനാ സർവ്വേ | 18 |
| 20. | കയററുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്കു വിഭാഗം | 19 |
| 21. | ചെക്ക്പോസ്ററുകളിൽക്കൂടിയുള്ള ചരക്കുഗതാഗതത്തെ പററിയുള്ള സർവ്വേ | 19 |
| 22. | നാഷണൽ സാമ്പിൾ സർവ്വേ | 19 |
| 23. | വിമുക്തഭടൻമാരെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ | 20 |
| 24. | സംയോജിത ഗിരിവർഗ്ഗ വികസന പദ്ധതിയെക്കുറിച്ചുള്ള സർവ്വേ | 20 |
| 25. | മെക്കാനിക്കൽ ടാബുലേഷൻ യൂണിററ് | 20 |
| 26. | ആസൂത്രണ വിഭാഗം | 21 |
| 27. | അഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് യൂണിററ് | 22 |
| 28. | ഇവാലുവേഷൻ വിഭാഗം | 22 |
| 29. | കോഓർഡിനേഷൻ വിഭാഗം | 23 |
| 30. | പ്രസിദ്ധീകരണ വിഭാഗം | 23 |

## കാർഷിക സ്ഥിതിവിവരക്കണക്കു വിഭാഗം

ഭൂവിനിയോഗം, കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദന തോത്, ജലസേചനം തുടങ്ങി കാർഷികമേഖലയെ സംബന്ധിച്ചുള്ള പ്രധാന വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് വിശകലനം നടത്തുകയും അവയുടെ റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. കേരളത്തിലെ കാർഷികസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള ബൃഹത്തായ ഒരു ഭാഗികമാനദണ്ഡപദ്ധതി 1975–76–ൽ ആരംഭിച്ചു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 1981 ജൂണിൽ പൂർത്തിയായി. ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ തുണ്ടുഭൂമികളും സന്ദർശിച്ച്, വിവിധ വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, മററു ഭൂവിനിയോഗം മുതലായവ തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി, പ്രധാന കാർഷികവിളകളുടെ ഉല്പാദനം, അത്യുൽപ്പാദനശേഷിയുള്ള നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി എന്നിവയുടെ മതിപ്പുകണക്കുകൾ തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. ഈ പദ്ധതിയനുസരിച്ച് നടത്തുന്ന സർവ്വേകൾക്ക് താലൂക്ക് ഒരു സ്ട്രാററം ആയും അതിലെ റവന്യൂ വില്ലേജ് സാംപ്ലിംഗ് യൂണിററ് ആയും ഉള്ള ഏകതല സാംപ്ളിംഗ് രീതിയിൽ അധിഷ്ടിതമാണ്. നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് മുതലായ പ്രധാന വിളകളുടെയും മററു ചില അപ്രധാന വിളകളുടെയും ഉല്പാദനം തിട്ടപ്പെടുത്തുന്നതിന് വിളവെടുപ്പ് പരീക്ഷണങ്ങളും നടത്തുന്നുണ്ട്. 1980–81–ൽ ആകെ ഭൂവിസ്തൃതിയുടെ 56.62 ശതമാനം കൃഷി ചെയ്തിരുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. എട്ടുലക്ഷത്തിലേറെ ഹെക്ടർ സ്ഥലത്ത് നെല്ലും, 6.7. ഹെക്ടറിൽ തെങ്ങും, 2.4. ഹെക്ടറിൽ മരച്ചീനിയും കൃഷി ചെയ്തിരുന്നു. ഇതേവർഷം കേരളത്തിലെ അരിയുൽപാദനം 12.72 ലക്ഷം ടണ്ണും മരച്ചീനിയുൽപ്പാദനം 41.10 ലക്ഷം ടണ്ണും നാളികേര ഉൽപ്പാദനം 303.6 ദശലക്ഷം എണ്ണവും ആയിരുന്നു.

സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി കണക്കാക്കി നിശ്ചിത സമയത്തിനുള്ളിൽ ഇൻഡ്യാഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും അയച്ചുവരുന്നു കാലാവസ്ഥയെയും വിളകളെയും പററിയുള്ള വാർഷിക റിപ്പോർട്ട് ഈ വിഭാഗം തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും വർഷപാതത്തെക്കുറിച്ചുള്ള പ്രതിദിനവിവരം ശേഖരിച്ച് സമാഹരിച്ച് പൂനയിലെ വാന നിരീക്ഷണകേന്ദ്രത്തിന് അയച്ച് കൊടുക്കുന്നുണ്ട്. കേരളത്തിലെ ആകെ വർഷപാതം 1980–ൽ 2983.3 മി. മീ ആയി കണക്കാക്കിയിരിക്കുന്നു. ശരാശരി മാസവർഷപാതം മാർച്ചിൽ 0.6 മി. മീ. നും ജൂലൈയിൽ 773.4 മി. മീററിനും ഇടയ്ക്കായി കാണുന്നു.

## കാർഷിക സെൻസസ് 1980–81

ഇൻഡ്യയും അതിനോടൊപ്പം കേരളവും കാർഷികസെൻസസിൽ ആദ്യമായി പങ്കെടുക്കുന്നത് 1970–ൽ ലോകവ്യാപകമായി നടത്തിയ മൂന്നാം സെൻസസിലാണ്. അതിനുശേഷം 1976–77–ൽ ഇൻഡ്യയിലാകമാനം

നടത്തിയ കാർഷിക സെൻസസിൻെറ ഭാഗമായി കേരളത്തിലും സെൻസസ് നടന്നു. ഈ സെൻസസുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അപഗ്രഥനത്തിൽനിന്നും ലഭിച്ച വസ്തുതകൾ കാർഷികരംഗത്തെ ഭൗതികവും സാമൂഹ്യവുമായ നേട്ടങ്ങൾ വിലയിരുത്തുവാനും ഭാവി പദ്ധതികൾ ക്രിയാത്മകങ്ങളായി ആസൂത്രണം ചെയ്യുന്നതിനുമുള്ള അടിസ്ഥാനഘടകങ്ങളായി അവലംബിച്ചുപോന്നിട്ടുണ്ട്. ഈ അടിസ്ഥാന വിവരങ്ങളുടെ ലഭ്യത ഓരോ നിശ്ചിത കാലയളവുകൾക്കിടയിൽ തൻമൂലം അപരിത്യാജ്യമായതിനാൽ ഇപ്രകാരമുള്ള സെൻസസ് കാലാകാലങ്ങളിൽ നടത്തുവാൻ കേന്ദ്ര ഗവൺമെൻറ് തീരുമാനിച്ചു. അതിൻെറ അടിസ്ഥാനത്തിൽ 1980–81–ലെ സെൻസസിൻെറ ഭാഗമായിട്ടാണ് കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാർഷികസെൻസസ്.

## സെൻസസിൻെറ ലക്ഷ്യങ്ങൾ

1. ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാററങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥനിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷികവിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനികൾ തുടങ്ങി കാർഷികാവശ്യത്തിനുള്ള നിവേശഘടകങ്ങളെ (ഇൻപുട്ട്സ്) പററി സമഗ്രമായ വിവരങ്ങൾ ശേഖരിക്കുക.

4. കാർഷികാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയെപ്പററി ചില പ്രധാന വിവരങ്ങൾ ശേഖരിക്കുക

5. കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള കടബാദ്ധ്യതകളെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുക.

## സെൻസസിൻെറ പദ്ധതി

കേരളത്തിലെ 58 താലൂക്കുകളിലും ഓരോന്നിലുമുള്ള ഗ്രാമപ്രദേശങ്ങളിൽ നിന്നും 10 ശതമാനം കരകളും നഗരപ്രദേശങ്ങളിൽനിന്ന് 10 ശതമാനം വാർഡുകളും ഈ സെൻസസിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം 579 കരകളിലും 144 വാർഡുകളിലുമാണ് സെൻസസ് നടത്തുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഓരോ സാമ്പിളിലും ഉള്ള കൃഷിഭൂമി കൈവശക്കാരുടെ പട്ടിക സാമ്പിളിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് തയ്യാറാക്കപ്പെടുന്നു. ഗാർഹിക കൈവശക്കാരിൽനിന്നും 25 ശതമാനം കൈവശക്കാരെ പ്രത്യേകം തെരഞ്ഞെടുത്ത് കൈവശഭൂമിയുടെ വിസ്തീർണ്ണം ഭൂവിനിയോഗം, ജലസേചനം തുടങ്ങി പ്രധാന സെൻസസിനുള്ള വിവരങ്ങൾ ശേഖരിക്കുന്നു. സ്ഥാപനകൈവശക്കാരെ എല്ലാപേരെയും പ്രധാന സെൻസസിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയിൽനിന്നും വീണ്ടും ഒരു സാമ്പിൾ തിരഞ്ഞെടുത്ത് നിവേശപര്യവേക്ഷണത്തിനുള്ള (ഇൻപുട്ട് സർവ്വേ) വിവരങ്ങൾകൂടി ശേഖരിക്കുന്നു. പ്രധാന സെൻസസിന് 1980–81 പരാമർശവർഷവും നിവേശപര്യവേക്ഷണത്തിന് 1981–82 പരാമർശ വർഷവും ആണ്.

## സെൻസസിന്റെ നടത്തിപ്പ്

കേരളത്തിലെ ലാൻഡ് റവന്യൂ വകുപ്പിന്റെ ചാർജ് വഹിക്കുന്ന റവന്യൂ ബോർഡ് മെമ്പർ സെൻസസ് കമ്മീഷണറും സാമ്പത്തികസ്ഥിതിവിവര വകുപ്പ് ഡയറക്ടർ സെൻസസ് ഡയറക്ടറും ആണ്. പ്രധാന സെൻസസിന്റെ വിവരങ്ങൾ റവന്യൂ വകുപ്പിലെ വില്ലേജ് അസിസ്റ്റന്റുമാരും നിവേശപര്യവേക്ഷണത്തിനുള്ള വിവരങ്ങൾ സ്ഥിതിവിവരവകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരും, അവരുടെ സാധാരണ ജോലികൾക്കു പുറമേ, ശേഖരിക്കുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറാണ് ഈ സെൻസസിന്റെ ചുമതല വഹിക്കുന്നത്. ജില്ലാസ്ഥിതിവിവര വകുപ്പു ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിലാണ് സെൻസസിന്റെ ജോലി നടക്കുന്നത്. റവന്യൂ ഇൻസ്പെക്ടർമാരും തഹസീൽദാർമാരും വില്ലേജ് അസിസ്റ്റന്റുമാരുടെ ജോലിയുടെ മേൽനോട്ടം വഹിക്കുന്നു.

1970–ലും 1976–77 ലും നടത്തിയ കാർഷിക സെൻസസുകളിൽ നിന്നും ലഭിച്ച ചില പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ ആകെ ഭൂമി കൈവശക്കാരുടെ എണ്ണം 1970–71–ൽ 28.23 ലക്ഷമായിരുന്നത് 1976–77–ൽ 34.62 ലക്ഷമായി വർദ്ധിച്ചു. കൈവശഭൂമിയുടെ വിസ്തീർണ്ണത്തിൽ നാമമാത്രമായ വ്യത്യാസം ഉണ്ടായിട്ടുണ്ടെങ്കിലും അത് വിവരങ്ങൾ ശേഖരിക്കുന്നതിൽ വന്നിട്ടുള്ള പുരോഗതിയായി മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളു. മേൽപറഞ്ഞ കാലയളവിൽ ആകെ കൈവശഭൂമിയുടെ വിസ്തീർണ്ണം 16.06 ലക്ഷം ഹെക്ടറിൽ നിന്ന് 16.11 ലക്ഷം ഹെക്ടറായി കൂടുതലായതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്.

2. 1970–71–നും 1976–77 നും ഇടയ്ക്ക് കൈവശഭൂമിയുടെ ശരാശരി വിസ്തീർണ്ണം 0.57 ഹെക്ടറിൽനിന്നും 0.47 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്.

3. ഭൂപരിഷ്ക്കരണനിയമത്തിന്റെ പ്രത്യാഘാതം മൂലം ഒരു ഹെക്ടറിൽ താഴെയുള്ള കൈവശഭൂമിയുടെ എണ്ണം 84.9 ശതമാനമായിരുന്നത് 87.7 ശതമാനമായി വർദ്ധിച്ചു.

4. 10 ഹെക്ടറിൽ കൂടുതലുള്ള ഭൂമി കൈവശക്കാരുടെ എണ്ണം 0.2 ശതമാനത്തിൽനിന്ന് 0.1 ശതമാനമായി കുറഞ്ഞു കാണുന്നു.

5. 1976–77–ൽ 39220 സ്ഥാപനങ്ങളിലായി 1.08 ലക്ഷം ഹെക്ടർ ഭൂമി നിക്ഷിപ്തമായിരിക്കുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

6. ആകെ കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ 11.3 ശതമാനത്തിനു മാത്രമേ ജലസേചനസൗകര്യങ്ങൾ ലഭിക്കുന്നുള്ളുവെന്നും ചാനലുകളാണ് പ്രധാന ജലസേചനമാർഗ്ഗമെന്നുമാണ് 1976–77–ലെ കാർഷിക സെൻസസ് ചൂണ്ടിക്കാണിക്കുന്നത്.

7. ജലസേചന സൗകര്യമുള്ള കൃഷിഭൂമിയുടെ 68 ശതമാനം സ്ഥലത്തും ജലസേചന സൗകര്യമില്ലാത്തിടത്ത് 22.3 ശതമാനം സ്ഥലത്തും രാസവളം

ഉപയോഗിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. മേൽപറഞ്ഞ സ്ഥല ങ്ങളിൽ കീടനാശിനികളുടെ ഉപയോഗം യഥാക്രമം 48.9 ശതമാനം ഭാഗത്തും 12.7 ശതമാനം ഭാഗത്തും ആയിരുന്നെന്നു കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു.

## ജലസേചനസ്ഥിതിവിവരക്കണക്കു മെച്ചപ്പെടുന്നതിനുള്ള പദ്ധതി

ജലസേചനത്തെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളുടെ ശേഖ രണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1980–81-ൽ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി ഒരു ഇറിഗേഷൻ സെൽ രൂപീകൃതമായി. ഡിപ്പാർട്ടു മെൻറിലെ കാർഷികസ്ഥിതിവിവരക്കണക്കു വിഭാഗത്തോടനുബന്ധിച്ചാണ് ഈ സെൽ പ്രവർത്തിച്ചുവരുന്നത്. ജലസേചനസ്ഥിതിവിവരക്കണക്കു വർക്കിംഗ് ഗ്രൂപ്പുമായും ഈ വിഭാഗം സഹകരിച്ചു പ്രവർത്തിക്കുന്നുമുണ്ട്.

പല തരത്തിലുള്ള ചെറുകിട ജലസേചന പദ്ധതികൾകൊണ്ട് ജല സേചനം വർദ്ധിപ്പിക്കുവാൻ കഴിയുന്ന കൃഷിഭൂമിയുടെ വിസ്തൃതി, ഉല്പാദനവർദ്ധനവ് എന്നിവയുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേക സർവേകൾ നടത്തുന്നതിനുവേണ്ട പ്രാരംഭ നടപടികൾ ഈ സെൽ ചെയ്തുകൊ ണ്ടിരിക്കുന്ന.

## കൃഷി ചെലവു സംബന്ധിച്ച സർവേ

സംസ്ഥാനത്തെ പ്രധാന വിളകളുടെ കൃഷിചെലവു കണക്കാക്കുന്നതിനായി 1980–81-ൽ ഒരു സർവേ ആരംഭിച്ചു. നിലവിലുള്ള ഉത്തരവനുസരിച്ച് ഈ സർവേ 1982–83 വരെ തുടരുന്നതാണ്. പ്രധാനപ്പെട്ട വിളവുകളായ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവ യുടെ കൃഷിചെലവു കണക്കാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 21 താലൂ ക്കുകളിൽ ഉൾപ്പെട്ട 42 വില്ലേജുകളിൽ പഠനം നടത്തിവരുന്നുണ്ട്. ഓരോ വില്ലേജിലും തെരഞ്ഞെടുക്കപ്പെട്ട നിലങ്ങളിൽ/പറമ്പുകളിൽ കൃഷി നടത്തുന്ന കർഷകരെ ആഴ്ചതോറും സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## വ്യാവസായിക സ്ഥിതിവിവരക്കണക്കു വിഭാഗം

കേരളത്തിലെ ഫാക്ടറി മേഖലയിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ശേഖരിച്ച് അവയുടെ സവിശേഷതകൾ സസൂക്ഷ്മം പഠിച്ച് റിപ്പോർട്ടുകൾ തയാറാക്കുകയാണ് ഈ വിഭാഗത്തിൻെറ പ്രധാനജോലി. 1976–77-ലെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 1977–78-ലെ റിപ്പോർട്ട് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. 1978–79-ലെ വാർഷിക സർവെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

## വ്യാവസായിക ഉല്പാദന സൂചിക

വ്യാവസായികോല്പാദന സൂചിക തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതി 1975-ൽ രൂപം കൊണ്ടു. തെരഞ്ഞെടുക്കപ്പെട്ട 492 വ്യാവസായ യൂണിററു കളിൽനിന്നും ഉല്പാദനസ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അവയുടെ

അടിസ്ഥാനത്തിൽ ത്രൈമാസികാവ്യാവസായികോല്പാദന സൂചിക (1970-ലെ ഉല്പാദനം അടിസ്ഥാനമാക്കി) തയ്യാറാക്കുന്നു. 30–12–1980 വരെയുള്ള സൂചികകൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഉല്പന്നസൂചിക 1979 ഡിസംബറിൽ 164.21 ആയിരുന്നത് 1980 ഡിസംബറിൽ 191.60 ആയി ഉയർന്നു.

## സാമ്പത്തിക സെൻസസ്

നമ്മുടെ ദേശീയ വരുമാനത്തിലേക്ക് ഗണ്യമായ സംഭാവന നൽകുകയും ജനസംഖ്യയുടെ ഒരു വലിയ വിഭാഗത്തിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന അസംഘടിത കാർഷികേതര മേഖലയെക്കുറിച്ച് നമുക്ക് ലഭ്യമായ വിവരങ്ങൾ വളരെ പരിമിതമാണ്. ഈ വിടവ് നികത്താൻ വേണ്ടിയാണ് കാർഷികേതര പ്രവർത്തനങ്ങളുടെ രാജ്യവ്യാപകമായ ഒരു സെൻസസ് ആദ്യമായി 1977–ൽ നടത്തിയത്. ഈ ദേശീയ പരിപാടിയുടെ ഭാഗമായി കേരളത്തിൽ 1977 നവമ്പറിൽ സാമ്പത്തിക സെൻസസ് നടത്തി.

അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരെ മുഴുവൻ സമയജോലിക്കാരായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചാണ് സെൻസസ് പ്രവർത്തനങ്ങൾ നടത്തിയത്. കേന്ദ്രീയാവിഷ്കൃതമായ ഈ പദ്ധതിയുടെ ചുമതല വഹിച്ചത് സംസ്ഥാന സാമ്പത്തികസ്ഥിതിവിവരക്കണക്കു വകുപ്പാണ്.

ഒന്നോ അതിലധികമോ തൊഴിലാളികളെ കൂലിക്കു നിയമിച്ചിട്ടുള്ള കാർഷികേതരമേഖലകളിലെ ഉൽപ്പാദനഘടകങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനാണ് ഈ സെൻസസിൽ ഊന്നൽ കൊടുത്തിട്ടുള്ളത്. അപ്രകാരമുള്ള 1.74 ലക്ഷം സംരംഭങ്ങൾ ഉണ്ടെന്നാണ് സെൻസസ് പ്രകാരം കണ്ടത്. ഇവയിൽ മൊത്തം 14.25 ലക്ഷം പേർ ജോലി ചെയ്യുന്നു. ഇതിൽ 12.85 ലക്ഷം പേർ കൂലിത്തൊഴിലാളികളും ബാക്കി ഉടമസ്ഥകുടുംബാംഗങ്ങളുമായിരുന്നു.

ദേശീയാടിസ്ഥാനത്തിൽ ആവിഷ്കരിച്ച ഈ പദ്ധതിക്ക് പുറമേ സ്വന്തം ചുമതലയിൽ നടത്തുന്ന (അതായത് കുടുംബാംഗങ്ങളുടെ മാത്രം പങ്കാളിത്തമുള്ള) സംരംഭങ്ങളുടെ കണക്കുകളും കേരളത്തിൽ ശേഖരിക്കുകയുണ്ടായി. ഇത്തരത്തിലുള്ള 5.17 ലക്ഷം സംരംഭങ്ങളുണ്ടെന്നാണ് കണ്ടത്. ഈ സംരംഭത്തിൽ ആകെ 6.21 ലക്ഷം പേർ ജോലി ചെയ്യുന്നു.

1977–ലെ സാമ്പത്തിക സെൻസസിനെ തുടർന്ന് വിവിധ മേഖലകളിലെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ചുള്ള വിശദപഠനം നടത്തുന്നതിനുവേണ്ടി 1978–79, 1979–80 എന്നീ വർഷങ്ങളിൽ രണ്ട് സാമ്പിൾ സർവേകൾ നടത്തുകയുണ്ടായി. ഇപ്രകാരം ശേഖരിച്ച വിവരങ്ങളുടെ സൂക്ഷ്മപരിശോധനയും അപഗ്രഥനവും നടന്നുകൊണ്ടിരിക്കുകയാണ്.

1980 മാർച്ച്–മേയ് മാസങ്ങളിൽ നടത്തിയ രണ്ടാമത്തെ സാമ്പത്തിക സെൻസസിൽ കാർഷികേതര മേഖലകൾക്ക് പുറമേ കാർഷിക മേഖലയിലേയും ഉല്പാദനസംരംഭങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. എന്നാൽ കാർഷികമേഖലയിൽ തോട്ടവിളവുകൾ ഉൾപ്പെടെയുള്ള കൃഷി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ കുടുംബാംഗങ്ങളുടെ സഹായത്തോടുകൂടി മാത്രം നടത്തുന്ന സംരംഭങ്ങളും ഈ സെൻസസിന്റെ പരിധിയിൽ പെടുത്തിയിട്ടുണ്ട്.

ഈ സെൻസസിന്റെ കണക്കെടുപ്പ് ജോലികൾ 1981-ലെ കാനേഷുമാരിക്കുവേണ്ടിയുള്ള വീടുകളുടെ പട്ടിക തയ്യാറാക്കുന്നതിനോടനുബന്ധിച്ചാണ് നടത്തിയത്. മററു ജോലികളെല്ലാം സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടത്തിയത്.

ഈ സെൻസസിൽ ശേഖരിച്ച വിവരങ്ങളിൽ പെട്ടെന്ന് കൂട്ടി എടുക്കാൻ പററിയ ചില താൽക്കാലിക കണക്കുകൾ പുറത്തിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിൽ മൊത്തം 9.27 ലക്ഷം സംരംഭങ്ങളുള്ളതായി കണ്ടു. ഇവയിൽ 6.05 ലക്ഷം സ്വന്തം ചുമതലയിൽ കുടുംബാംഗങ്ങളുടെ മാത്രം സഹായത്തോടെ നടത്തുന്നവയും ബാക്കി 3.21 ലക്ഷം കൂലിത്തൊഴിലാളികളുടെ സഹായത്തോടുകൂടി നടത്തുന്നവയുമാണ്. മൊത്തം 25.35 ലക്ഷം പേർ ഇവയിൽ ജോലി ചെയ്യുന്നു. ഇതിൽ 15.83 ലക്ഷം പേർ കൂലിത്തൊഴിലാളികളാണ്. സെൻസസ് മുഖേന ശേഖരിച്ച വിവരങ്ങൾ ജില്ലാ കേന്ദ്രങ്ങളിൽവച്ച് സൂക്ഷ്മപരിശോധന നടത്തി, സംഗ്രഹിച്ചു കഴിഞ്ഞു.

ശേഖരിച്ച വിവരങ്ങളുടെ യന്ത്രവൽകൃതാപഗ്രഥനം കേരള സർവകലാശാല കമ്പ്യൂട്ടർ കേന്ദ്രത്തിൽവച്ച് നടത്തുവാൻ കേന്ദ്രസ്ഥിതിവിവരസംഘടന അനുവദിച്ചിരിക്കയാണ്.

## വിലനിലവാര വിഭാഗം

സംസ്ഥാനത്തെ വിലനിലവാരത്തെ സംബന്ധിക്കുന്ന സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും അവയെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ നടത്തുകയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല.

അൻപത് (50) അവശ്യസാധനങ്ങളുടെ ദൈനംദിനവില ജില്ലാ തലസ്ഥാനങ്ങളിൽനിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിക്കുകയും അടുത്തദിവസംതന്നെ ഈ വിലനിലവാരക്കണക്കുകൾ ഗവൺമെൻറിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. കൂടാതെ സാധന സാമഗ്രികളുടെ വിലകളുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

തൊണ്ണൂററി രണ്ട് (92) ഇനം ഉപഭോക്തൃസാധനങ്ങളുടെ പ്രതിവാര ജില്ലാതല വിലകൾ ശേഖരിച്ച് താഴെ പറയുന്ന പതിനഞ്ച് (15) തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃവിലസൂചിക തയ്യാറാക്കി മാസംതോറും ദിനപ്പത്രങ്ങളിലും കേരള സർക്കാർ ഗസററിലും വിജ്ഞാപനം ചെയ്തുവരുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി

10. തൃശ്ശൂർ
11. പാലക്കാട്
12. മലപ്പുറം
13. കോഴിക്കോട്
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃവിലസൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിയുക്തമായ കമ്മീററിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക് സർവ്വേ 1980 ആഗസ്ററിൽ നടത്തുകയും അതിൽനിന്നു കിട്ടിയ വിവരങ്ങൾ 1980 മുതലുള്ള ഉപഭോക്തൃ വിലസൂചിക കണക്കാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തുവരുന്നു.

ഉപഭോക്തൃവിലസൂചിക കാണിക്കുന്ന സ്റേററുമെൻറുകൾ അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ് സ്വകാര്യസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് അയച്ചുകൊടുത്തുവരുന്നു. കേരളത്തിലെ ശരാശരി ഉപഭോക്തൃ വിലസൂചിക (അടിസ്ഥാനവർഷം 1970=100) 1976-ൽ 164 ആയിരുന്നത് 1981–ൽ 229 ആയി ഉയർന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയററമാണ് ഈ വർദ്ധനവിനുള്ള പ്രധാന കാരണം. 1970–71-നും 1980–81 നും ഇടയ്ക്ക് അരിയുടെ ചില്ലറവില തുറന്ന കമ്പോളത്തിൽ 77.93 ശതമാനം വർദ്ധിച്ചു. 1980–ൽ അരിയുടെ ചില്ലറ വില കി. ഗ്രാമിന് 2.58 ഉറുപ്പികയായിരുന്നത് 1981–ൽ 3.08 ഉറുപ്പികയായി ഉയർന്നു.

എൺപത്തിയഞ്ച് (85) ഇനം അവശ്യസാധനങ്ങളുടെ പ്രതിവാര ചില്ലറ വിൽപനവിലകൾ എല്ലാ ജില്ലാതലസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ചു വരുന്നു. ലേബർ ബ്യൂറോ സീരിസി (കേന്ദ്രസീരിസ്) ലുള്ള ഉപഭോക്തൃ വിലസൂചിക തയ്യാറാക്കാൻവേണ്ടി ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നീ കേന്ദ്രങ്ങളിൽ നിന്ന് വിലവിവരങ്ങൾ ശേഖരിച്ചുവരുന്നു. 1960 അടിസ്ഥാന വർഷമായിട്ടാണ് സൂചിക കണക്കാക്കിവന്നത്. 1981 അടിസ്ഥാന വർഷമാക്കി പുതിയ സൂചിക തയ്യാറാക്കുന്നതിനുവേണ്ടി വിലവിവരങ്ങൾ ശേഖരിച്ചുവരുന്നു.

ആരോഗ്യവകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും ഉപയോഗത്തിനായി ആശുപത്രികൾക്കാവശ്യമുള്ള ആഹാരസാധനങ്ങളുടെ കമ്പോളവില ത്രൈമാസികാടിസ്ഥാനത്തിൽ ശേഖരിക്കുകയും സൂക്ഷ്മപരിശോധന നടത്തി ആരോഗ്യവകുപ്പ്, നാട്ടുചികിൽസാ വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, കാഴ്ചബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, കേരളത്തിലെയും തമിഴ്നാട്ടിലെയും പട്ടാളമേധാവികൾ തുടങ്ങിയവർക്ക് ക്രമമായി അയച്ചു വരുന്നു. ഡയററി സാധനങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും നൽകിവരുന്നുണ്ട്.

## മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതി

കമ്പോളനിലവാരം, കമ്പോളത്തിൽ സാധനങ്ങൾ എത്തിച്ചേരൽ തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോൽപ്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 37 വ്യാപാരകേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലുണ്ട്.

ഈ പദ്ധതി അനുസരിച്ച് വില റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാതു ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിക്കുന്നു.

ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലാതലസ്ഥാനങ്ങളിലേയും വില ശേഖരണപ്രവർത്തനം അതിനുവേണ്ടി മാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവ്വഹിച്ചുവരുന്നു. കൂടാതെ ചങ്ങനാശ്ശേരി, കോഴിക്കോട്, കൊച്ചി എന്നീ മൂന്നു കേന്ദ്രങ്ങളിൽ മൂന്നു പ്രൈസ് ഇൻസ്പെക്ടർമാർ ജോലി ചെയ്തുവരുന്നു. കടയ്ക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 5 ഫുറംട്ടൈം പ്രൈസ് റിപ്പോർട്ടർമാരാണ് വില ശേഖരിച്ചുവരുന്നത്. ബാക്കി കേന്ദ്രങ്ങളിലെ വില ശേഖരണ ജോലി ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാരോ ഇൻവെസ്ററിഗേററർമാരോ നിർവ്വഹിച്ചുവരുന്നു.

മാർക്കററ് ഇൻറലിജൻസ് വിഭാഗം തിരുവനന്തപുരം മേഖലയിൽ 27–ഉം കോഴിക്കോട് മേഖലയിൽ 10–ഉം കേന്ദ്രങ്ങളിലെ കമ്പോളവില ഉൾക്കൊള്ളുന്ന വിലനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലോ കാർഷികരംഗത്തിലോ പ്രക്ഷേപണം ചെയ്തുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷികവിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

എല്ലാ ജില്ലാ തലസ്ഥാനങ്ങളിലെയും തുറന്ന കമ്പോളത്തിലെ അരി വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുകൊടുക്കുന്നു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി റിസർവ്വ് ബാങ്കിന് അയച്ചുകൊടുക്കുന്നു. മൊത്തവിലയെ സംബന്ധിക്കുന്ന വിവരങ്ങളും കേന്ദ്രസംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമാക്കപ്പെടുന്നു.

പ്രധാനപ്പെട്ട 17 കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്നു ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി കാർഷികോൽപ്പന്നങ്ങളുടെ മൊത്തവിലസൂചിക 1952–53 അടിസ്ഥാന വർഷമായി മാസംതോറും തയ്യാറാക്കുന്നു. 1981–ലെ സൂചിക 513 ആയിരുന്നു.

കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠനസൂചികയും മാസംതോറും തയ്യാറാക്കിവരുന്നുണ്ട്. അടിസ്ഥാനവർഷമായി സ്വീകരിച്ചിട്ടുള്ള 1952–53 കാലഘട്ടത്തിലെ കർഷകരുടെ സാമ്പത്തികനില, കാർഷികോൽപ്പന്നങ്ങളുടെ വില, അവയ്ക്കുവേണ്ടിവരുന്ന ചെലവുകൾ ഗാർഹികച്ചെലവുകളിൽ വന്നിട്ടുള്ള മാററങ്ങൾ എല്ലാം കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. സൂചിക (1952–53=100) 1971–ൽ 92 ആയിരുന്നത് 1981–ൽ 90 ആയി കുറഞ്ഞു കാണുന്നു.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചിട്ടുള്ള കാർഷിക വേതനത്തിൻെറ കണക്ക് ഇൻഡ്യാ ഗവൺമെൻറിൻെറ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് അയച്ചു കൊടുക്കുകയും അതോടൊപ്പം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. കാർഷിക തൊഴിലാളികളുടെയും വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള തൊഴിലാളികളുടെയും പ്രതിമാസവേതന സൂചിക തയ്യാറാക്കി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുക്കുന്നുണ്ട്.

ഈ വിഭാഗത്തിൻെറ ഇതര പഠനങ്ങൾ താഴെ പറയുന്നവയാണ്:—

1. തൊണ്ടോടുകൂടിയ നാളികേരത്തിൻെറ ദൈ്വവാരികവില ശേഖരിച്ച് എറണാകുളത്തുള്ള ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മിററിയുടെ സെക്രട്ടറിക്കും നീലേശ്വരത്തുള്ള ഡപ്യൂട്ടി ഡയറക്ടർക്കും (അഗ്രിക്കൾച്ചർ) അയയ്ക്കുന്നു.

2. ഒൻപത് കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് (ഡൽഹി) അയച്ചുകൊടുക്കുന്നു.

3. കയറിൻെറ പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിക്കുന്നു.

4. കയറിൻെറ പ്രതിമാസവിലവിവരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസിന് നൽകുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യാനുസരണം പൊതുജനങ്ങൾക്ക് നൽകുന്നു.

6. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 ഇനം കാർഷികവിഭവങ്ങളുടെ പ്രതിമാസ ചില്ലറവിലകൾ ശേഖരിച്ച് ഏകീകരിച്ച് മാസംതോറും കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തിവരുന്നു.

## കുടുംബ ബഡ്ജററ് സർവ്വേ

നിശ്ചിത വരുമാനക്കാരായ തൊഴിലാളികൾ, ചെറുകിട കൃഷിക്കാർ തുടങ്ങിയ സാധാരണക്കാരുടെ ദൈനംദിന ജീവിതം ഒരളവുവരെ നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരത്തിൽ വരുന്ന ഏററക്കുറച്ചിലുകളെ ആശ്രയിച്ചാണിരിക്കുന്നത്. സാധനങ്ങളുടെ വിലനിലവാരം കൂടുന്നതിനനുസരിച്ച് വരുമാനവർദ്ധനവിന് വേണ്ട മാർഗ്ഗങ്ങൾ പലപ്പോഴും സ്വീകരിക്കേണ്ടിവരുന്നു. വിലനിലവാരത്തിൽ വരുന്ന വ്യതിയാനങ്ങൾ ഒരു പരിധി വരെ ദൂരീകരിക്കാനും, വില വർദ്ധനവിനനുസരണമായി വേതനബത്ത നിരക്കുകൾ കൂട്ടുന്നതിനും സർക്കാരിൻെറ ഭാഗത്തുനിന്നും എടുത്തിട്ടുള്ള നടപടികളുടെ ഒരു ഭാഗമായി വിലനിലവാരസൂചികയെ കണക്കാക്കുന്നു. ഒരു സ്ഥിര ബാസ്ക്കററിൻെറ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിന് ആവശ്യമായ സാധനങ്ങളുടെ വിലയിൽ കാലാകാലങ്ങളിൽ വന്നുചേരുന്ന മാററങ്ങളുടെ ആകെത്തുക സൂചിപ്പിക്കുന്ന ഒരു അളവുകോലായി വില നിലവാര സൂചിക കരുതപ്പെടുന്നു. കുടുംബത്തിൻെറ ജീവിതവരുമാന

നിലവാരത്തിൽ കാലാകാലങ്ങളിൽ വരുന്ന വ്യതിയാനങ്ങൾക്കനുസരണമായി, ഈ സൂചിക കണക്കാക്കുന്നതിന്റെ അടിസ്ഥാനങ്ങളിലൊന്നായ ''സ്ഥിര ബാസ്ക്കററിൽ'' ഉൾപ്പെടുത്തുന്ന സാധനങ്ങളുടെ അളവിലും ഏററക്കുറച്ചിലുകൾ സംഭവിക്കാം. ഇങ്ങനെ വരുന്ന മാററങ്ങൾകൂടി കണക്കിലെടുക്കുന്നത് കുടുംബ ബഡ്ജററ് സർവ്വേകൾ നടത്തി ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

1980–81 പരാമർശ വർഷമായി നടത്തിയ കുടുംബ ബഡ്ജററ് സർവ്വേയിൽനിന്നും ശേഖരിച്ച വിവരങ്ങളെ സൂക്ഷ്മമായി പരിശോധിച്ച് അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

## ഗാർഹിക ഉപഭോഗ സർവ്വേ

ഒരു ശരാശരി കുടുംബത്തിന്റെ വരുമാനം, ഉപഭോഗത്തിനു വേണ്ടി വരുന്ന ചിലവ്, മിച്ച വയ്പ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ദുർലഭമാണ്. ഇതിനു പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന്, സാധാരണ വീടുകളിൽ വരവു ചിലവ് കണക്കുകൾ കൃത്യമായും സൂക്ഷ്മമായും രേഖപ്പെടുത്തി വയ്ക്കാറില്ല. രണ്ട്, ഇവയെ സംബന്ധിച്ച വിവരങ്ങൾ ഉണ്ടെങ്കിൽ പോലും ആരും ശരിയായി നൽകാറില്ല. ഈ ന്യൂനതയ്ക്ക് ഒരളവോളം പരിഹാരം കാണുവാനായി 1979-80–ൽ ഈ ഡിപ്പാർട്ടുമെന്റ് ഒരു ഗാർഹിക ഉപഭോഗ സർവ്വേ നടത്തുകയുണ്ടായി.

സർവ്വേയുടെ പ്രധാന ഉദ്ദേശം, സംസ്ഥാനത്തിലെ ഒരു ശരാശരി കുടുംബത്തിന്റെ വരുമാനത്തിന്റേയും, ഉപഭോഗത്തിന്റേയും വിവരങ്ങൾ ശേഖരിക്കുക എന്നതായിരുന്നു. ഈ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിലും പ്രധാനപ്പെട്ട സാമൂഹ്യ—സാമ്പത്തിക വിഭാഗങ്ങളുടെ അടിസ്ഥാനത്തിലും വേർതിരിച്ച് മനസിലാക്കാനുതകുന്ന തരത്തിലാണ് ശേഖരിച്ചിരിക്കുന്നത്. നഗര പ്രദേശങ്ങൾക്കും ഗ്രാമപ്രദേശങ്ങൾക്കും അർഹമായ പ്രാതിനിധ്യം കൊടുത്തുകൊണ്ടാണ് സർവേയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ഒരു ജില്ലയിൽ നിന്നും ശരാശരി 33 സാമ്പിളുകൾ തിരഞ്ഞെടുത്ത് ഓരോ സാമ്പിളിലും, എല്ലാതരം വരുമാനക്കാരിൽ നിന്നുമായി 40 കുടുംബങ്ങളിൽ നിന്നുള്ള വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

ഒരു കുടുംബത്തിന് പല മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനവും അതുപോലെ ഉപഭോഗത്തിനായും, മററ് ഗാർഹിക ആവശ്യങ്ങൾക്കായും വേണ്ടിവന്നിട്ടുള്ള ചിലവുകളും സംബന്ധിച്ച വ്യക്തമായ രൂപം ലഭിക്കത്തക്ക വിധത്തിലാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. ആസ്തികൾ, നിക്ഷേപങ്ങൾ, കടബാദ്ധ്യത എന്നിവയെ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. കിട്ടുന്ന വിവരങ്ങൾ കഴിയുന്നത്ര സൂക്ഷ്മമായിരിക്കുവാൻവേണ്ടി പ്രതിമാസ സ്വഭാവമുള്ള ക്രയവിക്രയങ്ങൾ, സർവ്വേ നടക്കുന്നതിനു തൊട്ടുമുൻപുള്ള ഒരു മാസത്തേയും വാർഷിക സ്വഭാവമുള്ള കഴിഞ്ഞ ഒരു വർഷത്തേതുമാണ് ശേഖരിച്ചിരിക്കുന്നത്. വിവരങ്ങൾ തരംതിരിക്കുകയും അപഗ്രഥിച്ചുള്ള പഠനം നടന്നുകൊണ്ടിരിക്കുകയുമാണ്.

## സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം

വികസനപ്രവർത്തനങ്ങളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും, കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട പദ്ധതിവിഹിതത്തിന്റെ മാനദണ്ഡം നിശ്ചയിക്കുന്നതിനും, അത്യന്താപേക്ഷിതമായ

പരിമാണങ്ങളാണ് സംസ്ഥാന വരുമാനവും പ്രതിശീർഷ വരുമാനവും. ഇവ കണാക്കുകയാണ് സ്ററററ് ഇൻകം ഡിവിഷന്റെ പ്രധാന ചുമതല. കേരളപ്പിറവി മുതൽക്കുതന്നെ കേന്ദ്രസ്ഥിതിവിവര സംഘടന അംഗീകരിച്ചിട്ടുള്ള സാങ്കേതിക രീതികളവലംബിച്ച് ഈ കണക്കുകൾ തയ്യാറാക്കി വരുന്നു. 1978 മുതൽ സംസ്ഥാന ബഡ്ജററിന്റെ സാമ്പത്തിക തരംതിരിവ് മേഖല തിരിച്ചുള്ള കണക്കുകളുടെ പട്ടിക തയ്യാറാക്കൽ, മൂലധന രൂപീകരണത്തിന്റെ മതിപ്പു കണക്കുകൾ തിട്ടപ്പെടുത്തൽ തുടങ്ങിയ ജോലികൾ കൂടി ഈ ഡിവിഷൻ നടത്തിവരുന്നു.

## സംസ്ഥാന –ജില്ലാതല വരുമാനം

1979–80 വരെയുള്ള സംസ്ഥാന–ജില്ലാതല വരുമാനം തനതു വർഷത്തേയും അടിസ്ഥാനവർഷ (1970–71) ത്തേയും വിലനിലവാരം അവലംബിച്ചു കണക്കാക്കിയിട്ടുണ്ട്. പല മേഖലകളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായതുകൊണ്ടും പുതിയ രീതിയനുസരിച്ച് നേരത്തേയുണ്ടായിരുന്ന വിവരങ്ങളിൽ തന്നെ പുതുക്കിയതുകൊണ്ടും മേൽ പറഞ്ഞ കണക്കുകളിൽ പിന്നീട് പല വ്യത്യാസങ്ങളും വരുത്തേണ്ടതായി വന്നു. ഇപ്പോൾ 1976–77 മുതൽ 1979–80 വരെയുള്ള കാലങ്ങളിലെ കണക്കുകൾ പുതുക്കിക്കൊണ്ടിരിക്കുകയാണ്.

1970–71 മുതൽ 1979–80 വരെയുള്ള സംസ്ഥാന വരുമാനം അവലോകനം ചെയ്തതിൽ തനതു വിലയിൽ വരുമാന വർദ്ധന നിരക്ക് ഏററവും കൂടുതൽ (24.1%) 1973–74–ൽ ആണ്. പക്ഷേ സ്ഥിര വിലയിൽ പ്രസ്തുത വർഷം വരുമാന നിരക്ക് 0.2% കുറഞ്ഞു കാണുന്നു.

തനതു വിലകളിൽ 1978–79–ലെ സംസ്ഥാന വരുമാനം 2693 കോടി രൂപയായിരുന്നത് 1979–80–ൽ 2874 കോടി രൂപയായി ഉയർന്നു. അടിസ്ഥാന വിലയിൽ 1978–79–ൽ 1399 കോടി രൂപയായിരുന്നത് 1979–80–ൽ 1397 കോടി രൂപയായി കുറഞ്ഞു.

1970–71 മുതൽ 1979–80 വരെയുള്ള 10 വർഷത്തിനുള്ളിൽ തനതു വിലയിൽ പ്രതിശീർഷവരുമാനം 557 രൂപയിൽ നിന്ന് 1141 രൂപയായി വർദ്ധിച്ചു. പക്ഷേ ഈ കാലയളവിൽ പ്രതിശീർഷ വരുമാനം സ്ഥിര വിലയിൽ (1970–71) 557 രൂപയിൽ നിന്ന് 555 രൂപയായി കുറയുകയാണുണ്ടായത്. വിവിധ മേഖലകളിലെ ഉൽപാദനക്കുറവ് ഇതിനൊരു പ്രധാന കാരണമാണ്.

വിവിധ മേഖലകളിലെ മൂലധന സമാഹരണത്തെക്കുറിച്ച് അവലോകനം ചെയ്തതിൽ കാർഷിക മേഖല (പ്രൈമറി സെക്ടർ) യിൽ നിന്നുള്ള വിഹിതം 1970–71–ൽ 51% ആയിരുന്നത് 1979–80–ൽ 45% ആയി കുറഞ്ഞു കാണുന്നു. പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉൽപാദനക്കുറവാണ് ഇതിനു കാരണം. വ്യവസായ-വാണിജ്യ മേഖല (സെക്കണ്ടറി സെക്ടർ) സേവന മേഖല (ടേർഷ്യരി സെക്ടർ) എന്നിവയിൽ നിന്നുള്ള വരുമാന വിഹിതം യഥാക്രമം 4 ശതമാനവും 2 ശതമാനവും വർദ്ധിക്കുകയുണ്ടായി.

1978–79 വരെയുള്ള സർക്കാർ ബഡ്ജററിന്റെ ക്ലാസിഫിക്കേഷൻ പൂർത്തിയായി. 1978–79 വരെയുള്ള മൂലധന സമാഹരണക്കണക്കുകൾ തയ്യാറാക്കുകയുണ്ടായി.

## കെട്ടിട നിർമ്മാണ കണക്കുകൾ

മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ സ്വകാര്യമേഖലയിലുള്ള കെട്ടിടനിർമ്മാണപ്രവർത്തനങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും ശേഖരിച്ച് ത്രൈമാസികാടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. പൊതുമരാമത്തുവകുപ്പിലെ കെട്ടിട നിർമ്മാണത്തെ സംബന്ധിച്ചും ഇത്തരം വിവരങ്ങൾ ശേഖരിക്കപ്പെടുകയും അർദ്ധവാർഷികാടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. ഇവ കൂടാതെ കെട്ടിട നിർമ്മാണത്തിനുള്ള സാധനസാമഗ്രികളുടെ വിലനിലവാരവും കെട്ടിടനിർമ്മാണ ജോലിക്കാരുടെ വേതന നിരക്കുകളെ സംബന്ധിച്ച വിവരങ്ങളും സംസ്ഥാനത്തെ എല്ലാ ജില്ലാതലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് സഞ്ചിതപ്പെടുത്തി ത്രൈമാസികാടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. തിരുവനന്തപുരം കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണച്ചെലവു സൂചിക (1971 അടിസ്ഥാനമാക്കി) വാർഷികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ട്. മേൽപ്പറഞ്ഞ റിപ്പോർട്ടുകളെല്ലാം ദേശീയ കെട്ടിട നിർമ്മാണ സമിതിക്ക് (നാഷണൽ ബിൽഡിംഗ്സ് ഓർഗനൈസേഷൻ) പതിവായി അയച്ചുകൊടുക്കുന്നു.

## കൺസ്ട്രക്ഷൻ ആക്ററിവിററി സർവ്വേ

സംസ്ഥാനത്തെ സാമ്പത്തിക പരിപാടികളിൽപ്പെട്ട നിർമ്മാണ പ്രവർത്തന രംഗങ്ങളിൽ തൊഴിലധിഷ്ഠിത മനുഷ്യശക്തിക്ക് പ്രാധാന്യമേറിയ ഒരു പങ്കുണ്ട്. നിർമ്മാണ പ്രവർത്തനരംഗത്തെ തൊഴിലവസരങ്ങൾക്കു പുറമെ ഇവയ്ക്കാവശ്യമുള്ള സാധനങ്ങളുടെ നിർമ്മാണരംഗത്തും പരോക്ഷമായി തൊഴിലവസരങ്ങൾ ഉണ്ടാകാറുണ്ട്.

പൊതുമേഖലയിലും സ്വകാര്യസഹകരണമേഖലയിലും, കുടുംബങ്ങളും, സ്വകാര്യകമ്പനികൾ, സൊസൈററികൾ, ക്ലബുകൾ തുടങ്ങിയവയുടെ കീഴിലുള്ള ട്രസ്ററുകൾ, സഹകരണസംഘങ്ങൾ, വിദ്യാഭ്യാസവും മതപരവുമായ സ്ഥാപനങ്ങൾ എന്നിവയും നിർമ്മാണജോലികൾ നടത്തിവരുന്നുണ്ട്. പൊതുസ്വകാര്യസഹകരണ മേഖലകളിൽ നടത്തിവരുന്ന നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം അവയെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകൾ അതതു സ്ഥാപനങ്ങളിലൂടെ ശേഖരിക്കാൻ കഴിയുന്നതാണ്. എന്നാൽ കുടുംബങ്ങളും കുടുംബേതര സ്വകാര്യ ഏജൻസികളും നടത്തിവരുന്ന നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വസ്തുനിഷ്ഠമായി സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല. മേഖലാവരുമാനം നിർണ്ണയിക്കുന്നതിന് പര്യാപ്തമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിഭാഗത്തിലൊന്നാണ് നിർമ്മാണപ്രവർത്തനരംഗം. നിർമ്മാണ ജോലികൾക്ക് ആവശ്യാനുസരണം ലഭ്യമല്ലാത്ത സിമൻറ്, ഉരുക്ക് മുതലായ സാധനങ്ങളുടെ ഉൽപ്പാദന വിവരണങ്ങളെ സംബന്ധിച്ച് ശരിയായി ആസൂത്രണ പരിപാടികൾക്ക് വിശ്വാസയോഗ്യമായ സ്ഥിതിവിവരക്കണക്കുകൾ വളരെ പ്രയോജനപ്രദമാണ്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ആനുകാലികമായി നിർമ്മാണപ്രവർത്തനങ്ങളെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കേണ്ടത് ഒരാവശ്യംതന്നെയായിത്തീർന്നു. ആയതിനാൽ 1980-81 സാമ്പത്തിക വർഷത്തിൽ കൺസ്ട്രക്ഷൻ ആക്ററിവിററി സർവ്വേ നടത്തുകയുണ്ടായി. ഈ സർവ്വേ പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകളിൽ വിശദപഠനം നടത്തിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ജോലികൾ തുടർന്നുകൊണ്ടിരിക്കുന്നു.

## ജനസംഖ്യാ ശാസ്ത്രഗവേഷണ കേന്ദ്രം

സാമ്പത്തിക സ്ഥിതിവിവര വകുപ്പിൻെറ ഒരു ഭാഗമായി ഒരു ജനസംഖ്യാ ഗവേഷണകേന്ദ്രം 1958 ആഗസ്ററിൽ പ്രവർത്തനമാരംഭിച്ചു. ജനന-മരണ നിരക്കുകൾ, ജനസംഖ്യാവർദ്ധനവ്, കുടുംബക്ഷേമം തുടങ്ങിയവയിൽ പഠനങ്ങൾ നടത്തുന്നതിനായിട്ടാണ് ഈ കേന്ദ്രം സ്ഥാപിതമായിട്ടുള്ളത്. കേന്ദ്രഗവൺമെൻറ് സ്ഥാപിച്ച നാലാമത്തെ ജനസംഖ്യാ ഗവേഷണ കേന്ദ്രമാണിത്. ബോംബെ, ഡൽഹി, കൽക്കട്ട എന്നിവിടങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചതിനുശേഷമാണ് കേരളത്തിൽ ഇത്തരമൊരു കേന്ദ്രം സ്ഥാപിച്ചത്.

കുടുംബക്ഷേമപരിപാടികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവ്, മനോഭാവം, അവയുടെ ഉപയോഗ നിലവാരം, വിവിധ തരത്തിലുള്ള ഗർഭനിരോധന മാർഗ്ഗങ്ങളുടെ പ്രയോഗം, അവയുടെ അനന്തരഫലങ്ങൾ നിയമാനുസൃതമായ ഗർഭഛിദ്രം, ജനനമരണ നിരക്കുകൾ എന്നിവയെ സംബന്ധിച്ച് പല പഠനങ്ങളും നടത്തി ഈ ഗവേഷണ കേന്ദ്രം റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

## 1981-82-ൽ പൂർത്തിയാക്കിയ പഠനങ്ങൾ

1. കുടുംബക്ഷേമപരിപാടികൾ സംബന്ധിച്ച് ആളുകൾക്കുള്ള അറിവ്, മനോഭാവം, പരിപാടി നിർവ്വഹണം എന്നിവയെക്കുറിച്ചുള്ള ഒരു പുനർ പഠനം.

2. നിയമാനുസൃത ഗർഭഛിദ്രം നടത്തിയവരെക്കുറിച്ചുള്ള പഠനം.

ഈ ഗവേഷണകേന്ദ്രം ആരംഭിച്ചിട്ടുള്ള മററു പല പഠനങ്ങളും ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അവയിൽ ചിലത് താഴെ പറയുന്നു:—

(1) കേരളത്തിലെ കുടുംബക്ഷേമ പരിപാടി കൊണ്ട് ജനന നിരക്ക് എത്ര മാത്രം കുറഞ്ഞിട്ടുണ്ടെന്നു കണക്കാക്കുന്നതിനുള്ള പഠനം.

(2) തിരുവനന്തപുരം ജില്ലയിലെ സാമ്പിൾ രജിസ്ട്രേഷൻ വില്ലേജുകളിൽ നടത്തുന്ന സാമൂഹ്യ - സാമ്പത്തിക പഠനം.

(3) മലപ്പുറം ജില്ലയിലെ കുടുംബ സംവിധാന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

കേന്ദ്രത്തിൻെറ പഠനങ്ങളിൽക്കൂടി ഗർഭാശയാന്തരവലയത്തിൻെറ വിജയ ശതമാനം 95 ആണെന്ന് മനസിലായി. മലപ്പുറം ജില്ലയിലെ ജനന നിരക്ക് 32 ആണെന്നും പെരുങ്കടവിളയിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പരിധിയിൽ വരുന്ന പ്രദേശത്ത് ജനന നിരക്ക് 24 ആണെന്നും കണ്ടുപിടിച്ചു. കേരളത്തിലെ മൂന്നിലൊന്നു ദമ്പതികൾ കുടുംബാസൂത്രണം മൂലം സംരക്ഷിക്കപ്പെട്ടു. ആകെ ജനന നിരക്കിൽ വന്ന കുറവിൻെറ 65 ശതമാനത്തിനുമേൽ കുടുംബാസൂത്രണം മൂലമാണ് ഉണ്ടായത് എന്ന് മനസിലാക്കുവാൻ സാധിച്ചു. ജനന മരണ നിരക്കുകൾ സമമായി ജനസംഖ്യ നിശ്ചലമാകുവാൻ അടുത്ത നൂററാണ്ടിൻെറ മദ്ധ്യംവരെ കാത്തിരിക്കണമെന്ന നിഗമനത്തിൽ എത്തിച്ചേരുവാനും സാധിച്ചു.

## ജനന–മരണ രജിസ്ട്രേഷന്റെ കണക്കുകൾ

സംസ്ഥാനം ഒട്ടാകെയുള്ള ജനന–മരണ രജിസ്ട്രേഷനിൽനിന്നും സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരുന്നു.

1969–ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിററി കോർപ്പറേഷൻ ആഫീസുകളിൽ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാരാണ് ജനന–മരണങ്ങൾ രജിസ്ററർ ചെയ്യുന്നത്. ഈ രജിസ്ട്രാർമാർ ജനന–മരണ വിവരങ്ങൾ ക്രമമായി ശേഖരിച്ച് പ്രധാനപ്പെട്ട വിവരങ്ങൾ സാമ്പത്തിക സ്ഥിതിവിവര ഡയറക്ടർക്ക് അയയ്ക്കുന്നു. ഓരോ മാസവും രജിസ്ററർ ചെയ്യുന്ന ജനന–മരണ കണക്കുകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഈ ഡയറക്ടറേററിൽനിന്ന് ഇൻഡ്യയിലെ രജിസ്ട്രാർ ജനറൽക്ക് അയക്കുന്നുണ്ട്. വർഷംതോറുമുള്ള നിരക്കുകൾ ഉൾപ്പെടുത്തി ഒരു ബുള്ളററിൻ പ്രസിദ്ധീകരിക്കുന്നുണ്ട്.

ജനന–മരണങ്ങൾ പൂർണ്ണമായി രജിസ്ററർ ചെയ്യപ്പെടുന്നില്ല. വിശ്വാസയോഗ്യമായ നിരക്കുകൾ ലഭിക്കുന്നതിനും ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും സ്ഥിതിവിവരങ്ങൾ കൂടുതലായി ശേഖരിക്കേണ്ട ആവശ്യമുണ്ട്. ഭാരതത്തിലെ ഗ്രാമപ്രദേശങ്ങളിൽ മരണം നടക്കുന്നത് ഏതെല്ലാം കാരണങ്ങളാലാണെന്ന് അറിയുവാൻ ഒരു പ്രത്യേക സർവ്വേ നടത്തുന്നുണ്ട്.

കേരളത്തിലെ എല്ലാ ജില്ലകളിലുമായി തിരഞ്ഞെടുക്കപ്പെട്ട 36 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളുടെ കീഴിൽ കേന്ദ്രം സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ 2000 ജനസംഖ്യ വരുന്ന ഒരു വിഭാഗം ഇതിനുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. വീടുകൾ സന്ദർശിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഫീൽഡ് സഹായികൾ വേണ്ട വിവരങ്ങൾ ശേഖരിച്ച് ഓരോ മാസവും സാമ്പത്തിക സ്ഥിതിവിവര ഡയറക്ടർക്ക് അയച്ചുതരുന്നു. കൂടാതെ അർദ്ധ വാർഷിക റിപ്പോർട്ടുകളും തയ്യാറാക്കി അയയ്ക്കുന്നുണ്ട്. ഇവ വേണ്ടവിധത്തിൽ പട്ടികകളാക്കി റിപ്പോർട്ടുകൾ തയ്യാറാക്കുകയും കേന്ദ്ര രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ എന്നീ വലിയ മുനിസിപ്പാലിററികളിലും ഭിഷഗ്വരന്മാർ പരിശോധിച്ച രോഗികളുടെ മരണത്തിന്റെ കാരണങ്ങളുടെ പ്രത്യേക പട്ടികകൾ തയ്യാറാക്കി പട്ടണങ്ങളിലെ മരണ കാരണങ്ങൾ കണ്ടുപിടിക്കുന്നു. ഇതിനായി മേൽപറഞ്ഞ കോർപ്പറേഷനുകളിലും മുനിസിപ്പൽ ആഫീസുകളിലും ഓരോ ഡപ്യൂട്ടി ഹെൽത്താഫീസർമാരെ നിയമിച്ചിട്ടുണ്ട്.

വിശ്വാസയോഗ്യമായ ജനന–മരണ കണക്കുകൾ ശേഖരണത്തിനായി ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ വീടുകൾ സന്ദർശിച്ച് രജിസ്ററർ ചെയ്യപ്പെടാത്ത ജനന–മരണങ്ങളുടെയും സ്ഥിരവാസികൾക്ക് വെളിയിൽവച്ചുണ്ടാകുന്ന ജനന–മരണങ്ങളുടെയും കണക്കുകൾ തയ്യാറാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിലുള്ള ജനന-മരണ നിരക്കുകൾ കണക്കാക്കപ്പെടുന്നു.

## സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ

സിവിൽ രജിസ്ട്രേഷനിൽ കണ്ടുവരുന്ന അപൂർണ്ണതയാൽ കൃത്യവും വിശ്വസനീയവുമായ ജനന-മരണ നിരക്കുകൾ ലഭ്യമല്ലാതെവരുന്നു. ഈ സാഹചര്യത്തിൽ രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയുടെ പൊതു നിർദ്ദേശ പ്രകാരം എല്ലാ സംസ്ഥാനങ്ങളിലും സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നു. കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പും പട്ടണ പ്രദേശങ്ങളിൽ സെൻസസ് വകുപ്പും ആണ് ഇതു നടപ്പാക്കിവരുന്നത്. 1964—65-ൽ ഒരു പൈലററ് പദ്ധതിയായിട്ടാവിഷ്ക്കരിച്ച് ഈ പഠനം 1965 ജൂലൈ മുതൽ പുർണ്ണ രൂപത്തിൽ നടപ്പാക്കിവരുന്നു.

ഈ പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 150 ഗ്രാമങ്ങളിലാണ് നടത്തിവരുന്നത്. തെരഞ്ഞെടുത്ത സാമ്പിളുകളിൽ സംഭവിക്കുന്ന എല്ലാ ജനന-മരണങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് രജിസ്ററർ ചെയ്യുവാൻ പാർട്ട് ടൈം എന്യൂമറേറർമാരെ അതാതു സാമ്പിളുകളിൽത്തന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. അതാതു സാമ്പിൾ വില്ലേജുകളിലെ സ്ഥിരതാമസക്കാരായ ആളുകളെയാണ് എന്യൂമറേറർമാരായി നിയമിച്ചിട്ടുള്ളത്. അവർ പ്രത്യേകമായി രജിസ്ററർ ചെയ്യുന്ന ജനനത്തിൻെറയും മരണത്തിൻെറയും റിപ്പോർട്ടുകൾ മാസാവസാനം ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസർക്കും വകുപ്പ് അദ്ധ്യക്ഷനും അയച്ചുകൊടുക്കുന്നുണ്ട്.

ഇപ്രകാരം രജിസ്ററർ ചെയ്യുന്ന സംഭവങ്ങൾ അർദ്ധ വാർഷിക സർവേയിൽ ലഭിക്കുന്ന വിവരങ്ങളുമായി താരതമ്യപ്പെടുത്തുന്നു. അർദ്ധ വാർഷിക സർവേ നടത്തുന്നത് പ്രത്യേകം ഉദ്യോഗസ്ഥന്മാരാണ്. ഇതിനു വേണ്ടി സൂപ്പർവൈസർമാരെ അർദ്ധവാർഷിക സർവ്വേക്കുവേണ്ടി സെൻസസ് വകുപ്പിൽനിന്നും നിയമിച്ചിട്ടുണ്ട്. ഓരോ അർദ്ധവർഷത്തിലും ഈ സൂപ്പർവൈസർ സാമ്പിളുകളിലെ എല്ലാ വീടുകളും സന്ദർശിച്ച് അവിടെ സംഭവിച്ചിട്ടുള്ള ജനന-മരണങ്ങളുടെ പട്ടിക തയ്യാറാക്കുന്നു. എന്യൂമറേററുടെയും സൂപ്പർവൈസർമാരുടെയും റിപ്പോർട്ടുകൾ അഡിഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസർ താരതമ്യപഠനം നടത്തുകയും ഏതെങ്കിലും വ്യതിയാനം റിപ്പോർട്ടുകളിൽ കണ്ടാൽ വീണ്ടും ആ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി യഥാർത്ഥ സംഭവങ്ങളുടെ ലിസ്ററ് തയ്യാറാക്കുകയും ചെയ്യുന്നു. ഈ രണ്ടു ലിസ്ററുകളുടെയും അടിസ്ഥാനത്തിൽ ആകെ നടക്കുന്ന സംഭവങ്ങൾ നിർണ്ണയിക്കപ്പെടുന്നു. അർദ്ധവാർഷിക സർവേ പ്രകാരം ലഭിക്കുന്ന ജനസംഖ്യയുമായി തട്ടിച്ച് ജനന—മരണ നിരക്കുകൾ കണ്ടുപിടിക്കുന്നു. ഈ വിധത്തിൽ 31 അർദ്ധവാർഷിക സർവേകൾ ഇതു വരെ നടത്തിയിട്ടുണ്ട്. ഏററവും അടുത്ത കാലത്ത് ജനന നിരക്ക് 25—ം മരണ നിരക്ക് 6—ം ആണെന്ന് കണക്കാക്കിയിരിക്കുന്നു. ശിശു മരണ നിരക്ക് 50—ൽ താഴെയാണ്. തീരപ്രദേശത്ത് നിരക്കുകൾ ഏററവും കുറവും മലനാട്ടിൽ ഏററവും കൂടുതലുമാണ്. അതുപോലെ തിരു—കൊച്ചി പ്രദേശങ്ങളിൽ മലബാർ പ്രദേശത്തേക്കാൾ കുറവാണ്. പ്രതീക്ഷിതായുസ് 65 വയസ്സാണെന്ന് കണക്കാക്കിയിരിക്കുന്നു.

## സന്താനോല്പാദനത്തിൽ വന്നിട്ടുള്ള മാററങ്ങളുടെ കാരണങ്ങളെ സംബന്ധിച്ചുള്ള പഠനം

കേരളത്തിലെ സന്താനോല്പാദന നിരക്ക് കഴിഞ്ഞ 15–20 വർഷങ്ങളായി ഏതാണ്ട് 30 ശതമാനത്തോളം കുറഞ്ഞതായി കാണുന്നു. ഈ നിരക്കിലോ അതിൽ കൂടുതലോ മററു പല രാജ്യങ്ങളിലും സന്താനോല്പാദനത്തിൽ കുറവു വന്നിട്ടുണ്ട്. പക്ഷെ പ്രസ്തുത രാജ്യങ്ങളിൽ വന്ന കുറവ് ആ രാജ്യങ്ങളിലെ സാമൂഹ്യ–സാമ്പത്തിക പുരോഗതികളുമായി ബന്ധപ്പെട്ടാണ് സംഭവിച്ചത്.

എന്നാൽ കേരളത്തിൽ ഗണ്യമായ സാമൂഹ്യ–സാമ്പത്തിക പുരോഗതി കൈവരിക്കാതെ തന്നെ സന്താനോൽപാദനത്തിൽ വന്ന വലിയ മാററം ലോകത്തെമ്പാടുമുള്ള ജനസംഖ്യാ ശാസ്ത്രജ്ഞൻമാരുടെ ശ്രദ്ധയിൽപ്പെടുകയും അതിൻെറ കാരണങ്ങളെപ്പററി അവർ ചിന്തിച്ചു തുടങ്ങുകയും ചെയ്തു. തൽഫലമായി ലോകബാങ്കും യു. എൻ.--ൻെറ ജനസംഖ്യാ പരിപാടികൾക്കുള്ള നിധിയും ചേർന്നു, ഇൻഡ്യാ ഗവൺമെൻറിൻെറയും ശ്രീലങ്കാ ഗവൺമെൻറിൻെറയും സഹകരണത്തോടെ നടത്തുന്ന "ശ്രീലങ്കയിലും ദക്ഷിണ ഇൻഡ്യയിലും സന്താനോൽപാദനത്തിൽ വന്ന മാററം" എന്ന ഒരു ബൃഹത്തായ പഠനത്തിൻെറ ഭാഗമായി മേൽപ്പറഞ്ഞ പഠനം കേരളത്തിൽ നടത്താൻ തീരുമാനിച്ചത്. കേരള സ്റേററ് സാമ്പത്തിക–സ്ഥിതിവിവര ഡയറക്ടറുടെ ചുമതലയിലാണ് കേരളത്തിലെ പഠനം നടത്തുന്നത്. കേരളത്തിലെ പാലക്കാട്, എറണാകുളം, ആലപ്പുഴ എന്നീ മൂന്ന് ജില്ലകളിലുള്ള 150 ഗ്രാമങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 3065 വീടുകളിൽ നിന്നാണ് പഠനത്തിനുവേണ്ട വിവരങ്ങൾ ശേഖരിച്ചത്.

ഓരോ കുടുംബത്തിൽനിന്നും, കുടുംബ വിവരപ്പട്ടിക, വിവാഹിതരായ സ്ത്രീകളെ സംബന്ധിച്ചുള്ള വിവരങ്ങൾ, അവിവാഹിതരായ 18-നും 34-നും മദ്ധ്യേ പ്രായമായ സ്ത്രീകളുടെ വിവരങ്ങൾ, 20 മുതൽ 39 വയസുവരെ പ്രായമുള്ള വിവാഹിതരും അവിവാഹിതരുമായ പുരുഷൻമാരുടെ വിവരങ്ങൾ എന്നിവയാണ് ശേഖരിച്ചത്.

1979–80 കാലഘട്ടത്തിൽ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് വിശകലനം ചെയ്തു കൊണ്ടിരിക്കയാണ്. പഠന റിപ്പോർട്ട് സെപ്ററംബർ അവസാനത്തോടെ പൂർത്തിയാകുമെന്ന് കരുതുന്നു.

## മനുഷ്യശക്തി കണക്കു കൂട്ടൽ വിഭാഗം

മനുഷ്യശക്തിയുടെ ദീർഘകാലവീക്ഷണത്തോടുകൂടിയ ആസൂത്രണത്തിനാവശ്യമായ കണക്കുകൾ ശേഖരിക്കുക, പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക മുതലായവയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലികൾ. വിവിധ മേഖലകളിലെ സാങ്കേതിക മനുഷ്യശക്തി (ടെക്നിക്കൽ മാൻപവർ) യുടെ ലഭ്യത, ഉപയോഗം, ഭാവിയിലേക്കുള്ള ആവശ്യകത എന്നിവയെപ്പററിയുള്ള കണക്കുകൾ ശേഖരിക്കുകയും അവയെ അപഗ്രഥിച്ച് ഇൻഡ്യാ ഗവൺമെൻറിനെ യഥാകാലം റിപ്പോർട്ടുകൾ അയച്ചുകൊടുക്കുകയും ചെയ്യുന്നു.

ഈ വിഭാഗത്തിൻെറ പ്രവർത്തനത്തിൻെറ ഭാഗമായി സംസ്ഥാനത്ത് ലഭ്യമായ മാനവശക്തിയുടെ കണക്കു തിട്ടപ്പെടുത്തുകയും ഇവരെ സാങ്കേതിക ജ്ഞാനം ഉള്ളവരും ഇല്ലാത്തവരും തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരും ഇല്ലാത്തവരും

പരിശീലനം ലഭിച്ചവരും ലഭിക്കാത്തവരും എന്നിങ്ങനെ തരം തിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിലും പൊതുസ്വകാര്യ മേഖലകളുടെ പ്രവർത്തനത്തിലും വിനിയോഗിക്കപ്പെടാവുന്ന മാനവശക്തി കണക്കാക്കുകയും ബാക്കിയുള്ളവരുടെ വിനിയോഗത്തിലേക്കാവശ്യമായ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമെ വിവിധതരം മാനവശക്തിയുടെ വിനിയോഗരീതിയെക്കുറിച്ചും മാനവശക്തിയെ പരാമർശിക്കുന്ന മററു വിഷയങ്ങളെക്കുറിച്ചും പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. നാളിതുവരെ നാല് വാല്യങ്ങളിലായി ഇത്തരം 28 റിപ്പോർട്ടുകൾ ഈ വിഭാഗം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ വിശദമായ സെൻസസ് ഈ വിഭാഗത്തിന്റെ നടപ്പുപഠനങ്ങളിൽ പ്രധാനപ്പെട്ടതാണ്.

## തൊഴിൽ സ്ഥിതിവിവരക്കണക്കു വിഭാഗം

1948-ലെ ഫാക്ടറീസ് ആക്ട്പ്രകാരം രജിസ്ററർ ചെയ്തിട്ടുള്ള ഫാക്ടറികളുടെ സ്ഥിതിവിവരക്കണക്കുകൾ ഫാക്ടറീസ് ഡയറക്ടറേററിൽ നിന്നും സ്വീകരിച്ച് ഫാക്ടറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ സമാഹരിച്ച്, വാർഷികറിപ്പോർട്ടും സ്റേറററ്മെൻറുകളും തയ്യാറാക്കി സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു. 1948-ലെ ഫാക്ടറീസ് ആക്ററ് പ്രകാരം രജിസ്ററർ ചെയ്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികളുടെ എണ്ണം 1970-ൽ 3040 ആയിരുന്നത് 1980-ൽ 9104 ആയി വർദ്ധിച്ചു. 9104 ഫാക്ടറികളിലായി മൂന്നു ലക്ഷത്തിൽപ്പരം പേർ പണിയെടുക്കുന്നു. ഏററവും കൂടുതൽ ഫാക്ടറികൾ എറണാകുളം ജില്ലയിലും ഏററവും കുറവ് ഇടുക്കി ജില്ലയിലുമാണ്. തൊഴിലാളികളുടെ വേതന നിരക്കുകളും തൽസംബന്ധമായ വിവരങ്ങളുമടങ്ങുന്ന റിപ്പോർട്ടും ഇതോടനുബന്ധിച്ചു തയ്യാറാക്കി അയയ്ക്കുന്നു. ഫാക്ടറി തൊഴിലാളിയുടെ ശരാശരി പ്രതിദിനവരുമാനം ഏററവും കൂടുതൽ (28.11 ഉറുപ്പിക) രാസവള ഫാക്ടറികളിലും ഏററവും കുറവ് തീപ്പെട്ടിശാലകളിലുമാണെന്ന് കാണാം. ഫാക്ടറികളിലേയും തോട്ടങ്ങളിലേയും സ്ത്രീതൊഴിലാളികൾക്ക് കൊടുത്തു വരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ട് ബന്ധപ്പെട്ട ആഫീസുകളിൽനിന്നും ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു.

ഫാക്ടറികളിലും തോട്ടങ്ങളിലും മററു സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പണിമുടക്കുകൾ, അടച്ചുപൂട്ടൽ എന്നിവമൂലമുണ്ടാകുന്ന തൊഴിൽ സ്തംഭനത്തിന്റെ വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു. ജില്ലാ ലേബർ ആഫീസർമാർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. 1978-ൽ 131 പണിമുടക്കുകൾ ഉണ്ടായതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

## കയർ തൊഴിലാളി സർവേ

കയർതൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയുക്തമായ രീതിയിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടി 1981-ൽ ഒരു സർവേ നടത്തുകയുണ്ടായി. സർവേയിൽനിന്നു കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടു തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്തു.

സർവേയിൽനിന്നു കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ ആകെ 2.8 ലക്ഷം കയർ തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ആകെയുള്ള തൊഴിലാളികളിൽ 72 ശതമാനവും കയർ സ്പിന്നിംഗ് സംബന്ധമായ തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. തൊണ്ടുതല്ലൽ, കയർ പിരി, നെയ്ത്ത് മുതലായ തൊഴിലുകളിൽനിന്നുള്ള വരുമാനംകൊണ്ട് ഏകദേശം 1.5 ലക്ഷം കുടുംബങ്ങൾ ഉപജീവിക്കുന്നതായി കാണുന്നു.

കയർ വ്യവസായത്തിലെ വിവിധ ഇനം ഉല്പാദന പ്രക്രിയകളിൽ ഏർപ്പെട്ടിട്ടുള്ള ആകെ യൂണിററുകളിൽ 94 ശതമാനവും സ്വന്ത കുടുംബങ്ങളിൽ വച്ചു ചെയ്യുന്ന പ്രവർത്തനങ്ങളാണ്. ആകെയുള്ള 94127 യൂണിററുകളിൽ 93 ശതമാനത്തിലേറെ കയർ സ്പിന്നിംഗ് ജോലികൾക്കു വേണ്ടിയുള്ളതാണ്. കേരളത്തിലെ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പകുതിയോളം നടക്കുന്നത് ആലപ്പുഴ ജില്ലയിലാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

## വേതന ഘടനാ സർവേ

കേരളത്തിലെ വാണിജ്യ—ഭവന നിർമ്മാണ മേഖലകളിൽ നിലവിലുള്ള വേതന നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി സാമ്പത്തിക സ്ഥിതി വിവരക്കണക്കു വകുപ്പിൽനിന്നും നടത്തിവരുന്ന വേതനഘടനാ സർവേയുടെ പുതിയ പഞ്ചവൽസരറൗണ്ട് എല്ലാ ജില്ലകളിലും 1982 ഏപ്രിൽ മുതൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. 1963—64 മുതൽ തുടർച്ചയായി നടത്തി വരുന്ന ഈ സർവേയുടെ പുതുക്കിയ മാതൃകയാണ് 1987 മാർച്ച് കൊണ്ടവസാനിക്കുന്ന പുതിയ പദ്ധതി.

ഓരോ ജില്ലയിൽനിന്നും രണ്ടു ടൗണുകളും മൂന്നു പഞ്ചായത്തുകളുമാണ് സർവേയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ടൗണുകളിൽനിന്നും പത്തും പഞ്ചായത്തുകളിൽനിന്നും ഒൻപതും ഭവന നിർമ്മാണ യൂണിററുകൾ തെരഞ്ഞെടുത്ത് അവിടെ ജോലി ചെയ്യുന്ന വിവിധ വിഭാഗത്തിൽപ്പെട്ട വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികളുടെ വേതന നിരക്കുകളാണ് പഠന വിഷയമാക്കുന്നത്. ഭവന നിർമ്മാണമേഖലയിൽ ഒന്നാംകിട തടിപ്പണിക്കാരന്റെ ശരാശരി വേതന നിരക്ക് 1970—71—ൽ 8 രൂപ 63 പൈസ ആയിരുന്നത് 1978—79—ൽ 15 രൂപ 70 പൈസയായി ഉയർന്നു. ഇതേ കാലയളവിൽ കൽപ്പണിക്കാരന്റെ വേതന നിരക്ക് 8.73 ഉറുപ്പികയിൽനിന്നും 15.68 ഉറുപ്പികയായും വർദ്ധിച്ചു. വാണിജ്യ മേഖലയിലെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ടൗണുകളിൽനിന്ന് എൺപതും പഞ്ചായത്തുകളിൽനിന്ന് അറുപതും ഷോപ്പുകൾ തെരഞ്ഞെടുത്തിരിക്കുന്നു. വ്യാപാരപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന വാർഡുകളിൽനിന്നും എല്ലാത്തരം വ്യാപാരങ്ങളേയും പ്രതിനിധീകരിക്കുന്ന വിധത്തിലാണ് ഷോപ്പുകൾ തെരഞ്ഞെടുത്തിരിക്കുന്നത്. ഈ യൂണിററുകളിലും ഷോപ്പുകളിലും ജോലി ചെയ്യുന്നവരുടെ വേതന വിവരങ്ങൾ ഓരോ പാദവർഷത്തിലും നിയുക്ത ഉദ്യോഗസ്ഥൻമാർ നേരിട്ടുചെന്ന് ബന്ധപ്പെട്ടവരിൽനിന്നും ശേഖരിക്കുന്നതാണ്. മൊത്തവ്യാപാരമേഖലയിൽ ഷോപ്പ് അസിസ്ററൻറിന്റെ ശരാശരി പ്രതിദിനശമ്പളം 1978—79—ൽ വിവിധതരം ഷോപ്പുകളിൽ 300—നും 390—നും ഉറുപ്പികയ്ക്ക് മദ്ധ്യേയും ഷോപ്പ് അററൻററുടേത് 215—ഉം 258—ഉം ഉറുപ്പികയ്ക്ക് മദ്ധ്യേയുമായിരുന്നെന്ന് കണക്കാക്കിയിരിക്കുന്നു. പാടങ്ങളിൽ പണി ചെയ്യുന്ന പുരുഷത്തൊഴിലാളി

യുടേയും സ്ത്രീതൊഴിലാളിയുടേയും ശരാശരി ദൈനംദിന വേതന നിരക്ക് 1978–79–ൽ യഥാക്രമം 8.99 ഉറുപ്പികയും 6.25 ഉറുപ്പികയും ആയിരുന്നെന്ന് കണക്കുകരം ചൂണ്ടിക്കാണിക്കുന്നു.

## കയററുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്ക് വിഭാഗം

കേരളത്തിലെ തുറമുഖങ്ങരം വഴിയുള്ള കയററുമതി ഇറക്കുമതിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകരം സമാഹരിക്കുകയും സംഗ്രഹിക്കുകയും ചെയ്യുന്ന ജോലി ഈ വിഭാഗം നിർവഹിക്കുന്നു. കേരളത്തിലെ കടൽ മാർഗ്ഗക്കയററുമതി ഇറക്കുമതിയെക്കുറിച്ചുള്ള പ്രതിമാസ കണക്കുകരം കേരളത്തിലെ തുറമുഖങ്ങളിൽനിന്നും വാർഷിക കണക്കുകരം കൊച്ചിൻ വാണിജ്യമണ്ഡലം, കോഴിക്കോട് വാണിജ്യമണ്ഡലം, തിരുവിതാംകൂർ വാണിജ്യ മണ്ഡലം എന്നിവിടങ്ങളിൽനിന്നും ശേഖരിക്കുന്നു. കൂടാതെ ഭാരതീയവാണിജ്യ മണ്ഡലത്തിൻെറ പ്രതിമാസ റിപ്പോർട്ടും കൊച്ചി ചുങ്കം കളക്ടർ ഓഫീസിൽനിന്നും ദൈനംദിന റിപ്പോർട്ടും ശേഖരിച്ചുവരുന്നു. ഇവ സമാഹരിച്ച് തുറമുഖങ്ങളിൽനിന്നുള്ള രാഷ്ട്രാന്തര കയററുമതി ഇറക്കുമതി വാർഷിക വിവരങ്ങരം തയ്യാറാക്കുന്നു. ആലപ്പുഴ തുറമുഖത്തിൻെറ വികസനത്തിനുവേണ്ടി നിലവിലുള്ള ഗതാഗതത്തെപ്പററിയും ഭാവിയിലെ ഗതാഗത സാദ്ധ്യതയെക്കുറിച്ചു മനസ്സിലാക്കാനും അതിൻെറ ഉയർച്ചക്ക് വേണ്ടുന്ന വഴികളെപ്പററി പഠിക്കുന്നതിനുമായി 1978–79–ൽ ഒരു സർവേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ചെക്ക്പോസ്ററുകളിൽക്കൂടിയുള്ള ചരക്കുഗതാഗതത്തെപ്പററിയുള്ള പഠനം

നിത്യോപയോഗ സാധനങ്ങളുരംപ്പെടെയുള്ള എല്ലാ പ്രധാനപ്പെട്ട ഉല്പന്നങ്ങളുടേയും കേരളത്തിലേയ്ക്കുള്ള വരവും കേരളത്തിൽനിന്നും പുറത്തേക്കുള്ള പോക്കും കണക്കാക്കുന്നതിന് ഒരു സർവേ നടത്തണമെന്ന് 1975–ൽ ഗുലാത്തി കമ്മിററി ഓൺ കമ്മോഡിററി ടാക്സേഷൻ ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് കേരളത്തിലെ പ്രധാനപ്പെട്ട 12 ചെക്ക്പോസ്ററുകളിൽ 1975–76-ൽ ഒരു സർവേ നടത്തി, അതിൽനിന്നും ഏറെക്കുറെ കേരളത്തിലേക്ക് വരുന്നതും പോകുന്നതുമായ എല്ലാ സാധനങ്ങളുടെയും തരംതിരിച്ചുള്ള സ്ഥിതിവിവരക്കണക്ക് 1977–ൽ ഈ വകുപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി.

1980–81–ൽ ഈ സർവേയുടെ രണ്ടാമതു റൗണ്ടും 1975–76 ലേതുപോലെ 12 ചെക്ക്പോസ്ററുകളിൽ നടത്തുകയുണ്ടായി. അതിൻെറ ക്രോഡീകരണപ്രവർത്തനങ്ങരം നടന്നുകൊണ്ടിരിക്കുന്നു. 1982 അവസാനത്തോടുകൂടി റിപ്പോർട്ടു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞേക്കും എന്ന് പ്രതീക്ഷിക്കപ്പെടുന്നു.

## നാഷണൽ സാമ്പിരം സർവേ വിഭാഗം

ആയിരത്തിത്തൊള്ളായിരത്തി അൻപതിൽ നിലവിൽ വന്ന ഇൻഡ്യാ ഗവൺമെൻറിൻെറ നാഷണൽ സാമ്പിരം സർവേ ഓർഗനൈസേഷൻ ആസൂത്രണത്തിനും മററു ഭരണപരമായ ആവശ്യങ്ങരംക്കുമായി രാജ്യത്തിൻെറ സമ്പത്ത്വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ-സാമ്പത്തിക വിവരങ്ങരം രാജ്യ

വ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവേകൾ നടത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്രഗവൺമെൻറുമായി തുല്യാടിസ്ഥാനത്തിൽ സർവേയുടെ സാമൂഹ്യ—സാമ്പത്തിക ഭാഗത്തിൽ കേരളവും പങ്കെടുത്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം വികലാംഗരെക്കുറിച്ചുള്ള ഒരു പഠനമാണ് ഈ സർവേയിൽ നടത്തിയത്. കാർഷികഭൂമി ഗ്രാമീണരുടെ കടബാദ്ധ്യതകൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള സർവേയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

## വിമുക്ത ഭടൻമാരെസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ

നാഷണൽ സാമ്പിൾ സർവേയുടെ 36—ാമത് റൗണ്ടിനോടനുബന്ധിച്ച് 1981—ൽ വിമുക്ത ഭടൻമാരെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായി. ഭടൻമാരായി ജോലിനോക്കിയിരുന്ന കാലയളവിനേയും പെൻഷനുശേഷമുള്ള കാലത്തേയുംകുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. വിമുക്തഭടൻമാരുടെ കുടുംബ ജനസംഖ്യ, ഉദ്യോഗം സേവന ദൈർഘ്യം, വിരമിച്ച തീയതി, വാർഷിക പെൻഷൻ, ഇപ്പോഴത്തെ തൊഴിൽ, വരുമാനം, കൈവശഭൂമി, ആരോഗ്യസ്ഥിതി, തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

## സംയോജിത ഗിരിവർഗവികസന പദ്ധതിയെക്കുറിച്ചുള്ള സർവേ

ഗിരിവർഗക്കാരുടെ സാമ്പത്തികവും സാമൂഹ്യവുമായ സ്ഥിതിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി 1980—81—ൽ പുനലൂർ, അട്ടപ്പാടി, ഇടുക്കി, നിലമ്പൂർ, മാനന്തവാടി എന്നീ അഞ്ചു പദ്ധതി പ്രദേശങ്ങളിൽ ഒരു ബെഞ്ചുമാർക്കു സർവേ നടത്തുകയുണ്ടായി. സർവേയുടെ റിപ്പോർട്ടും തയ്യാറാക്കിക്കഴിഞ്ഞു.

## മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്

ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സിൻെറ കീഴിൽ ഒരു മെക്കാനിക്കൽ ടാബുലേഷൻ യൂണിററ് പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിററിലിപ്പോൾ അഞ്ച് പഞ്ചിംഗ് മെഷീൻ, നാല് വെരിഫയേഴ്സ്, ഒരു സോർട്ടർ ഒരു റീപ്രൊഡ്യൂസർ എന്നീ മെഷീനുകളുണ്ട്. സർവേകളിൽ ശേഖരിച്ച വിവരങ്ങൾ ഇവിടെ പ്രോസസ് ചെയ്യുന്നു. ഉദാഹരണമായി ഹൗസ്ഹോൾഡ് കൺസംഷൻ, സെൻസ് ഓഫ് ഗവൺമെൻറ് എംപ്ലോയീസ്, നാഷണൽ സാമ്പിൾ സർവേ, വൈററൽ സ്ററാററിസ്ററിക്സ് എന്നീ സർവേകളുടെ പ്രോസസിംഗാണ് ഇപ്പോൾ നടക്കുന്നത്. ഈ യൂണിററിപ്പോൾ ദിവസം മൂന്ന് ഷിഫ്ററിൽ പ്രവർത്തിക്കുന്നു. യൂണിററിൻെറ പ്രവർത്തനം വിപുലീകരിക്കുന്നതിൻെറ ഭാഗമായി 4 ചാനലിലുള്ള ഒരു ആധുനിക കമ്പ്യൂട്ടർകൂടി വാങ്ങാനുള്ള ശ്രമങ്ങൾ നടക്കുന്നു. സാമ്പിൾ സർവേകളിൽനിന്നും ശേഖരിക്കുന്ന വിവരങ്ങൾ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്യാനായി ആദ്യമൊരു ഡിസൈൻ തയ്യാറാക്കുന്നു. ഇതിനെ കാർഡ് ഡിസൈൻ എന്നാണ് പറയുന്നത്. ശേഖരിക്കപ്പെട്ട വിവരങ്ങൾ പഞ്ച് കാർഡിൽ പഞ്ച് ചെയ്യുന്നു. ഈ വിവരങ്ങൾ മാഗ്നററിക് ടേപ്പിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും അതിനുശേഷം യഥാർത്ഥ ഫലങ്ങൾ കിട്ടുന്നതിലേക്ക് കമ്പ്യൂട്ടറിലേക്ക് ഫീഡു ചെയ്യുകയും ചെയ്യുന്നു. ഈ രണ്ടു ജോലികളും യൂണിവേഴ്സിററി കമ്പ്യൂട്ടർ സെൻററിലാണ് ചെയ്തുവരുന്നത്.

## ആസൂത്രണ വിഭാഗം

സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണത്തിനായി കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിലയിരുത്തൽ, ആസൂത്രണം സംബന്ധിച്ച മററു കാര്യങ്ങൾ, പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കൽ എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

ഇപ്പോൾ നടപ്പിലുള്ളതും 1982–83–ലെ വാർഷികപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ പദ്ധതികളുടേയും അവയുടെ അടങ്കൽ തുകയേയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസുകൾ പുനസംഘടിപ്പിച്ചുകൊണ്ടുള്ള സാമ്പത്തികസ്ഥിതി വിവരക്കണക്കു വകുപ്പിന്റെ വികസനം | അടങ്കൽ തുക |
| (1) മെക്കാനിക്കൽ ടാബുലേഷൻ | 1.25 ലക്ഷം രൂപ |
| (2) സംസ്ഥാനവരുമാന നിർണ്ണയ വിഭാഗത്തിന്റെ വികസനം | 0.50 ലക്ഷം രൂപ |
| (3) വ്യവസായ ഉല്പന്നസൂചിക നിർമ്മാണ വിഭാഗം | 1.50 ലക്ഷം രൂപ |
| (4) വിലനിലവാര വിഭാഗത്തിന്റെ വികസനം | 0.40 ലക്ഷം രൂപ |
| (5) ജില്ലാ സ്ഥിതിവിവരക്കണക്ക് ആഫീസുകളുടെ വികസനം | 1.75 ലക്ഷം രൂപ |
| 2. സർവേകളും പഠനങ്ങളും | |
| (1) സംസ്ഥാനാതിർത്തിയിലെ ചെക്ക് പോസ്ററുകൾ വഴിയുള്ള ചരക്കുഗതാഗതസർവേ | 0.10 ലക്ഷം രൂപ |
| (2) നിർമ്മാണ പ്രവർത്തനങ്ങളെപ്പററിയുള്ള സർവേ | 1.50 ലക്ഷം രൂപ |
| (3) സംസ്ഥാനത്തെ പ്രധാന കാർഷികവിളകളുടെ കൃഷിച്ചെലവുകളെപ്പററിയുള്ള സർവേ | 3.75 ലക്ഷം രൂപ |
| (4) വേതന ഘടനാ സർവേ | 0.75 ലക്ഷം രൂപ |
| 3. സാമ്പത്തികസ്ഥിതിവിവരക്കണക്കുവകുപ്പിലെ ജീവനക്കാർക്കു തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി | 0.50 ലക്ഷം രൂപ |
| 4. ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസുകൾക്ക് വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി | 1.50 ലക്ഷം രൂപ |
| ബി. കേന്ദ്രാവിഷ്കൃത പദ്ധതി | |
| 5. സംസ്ഥാനത്തെ കാർഷികസ്ഥിതിവിവരക്കണക്കുകൾ വർഷംതോറും ശേഖരിച്ച് റിപ്പോർട്ടുചെയ്യുന്നതിനുള്ള പദ്ധതി | 62.00 ലക്ഷം രൂപ |

## അഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് യൂണിററ്

ബ്ലോക്കുകളിൽ ജോലിചെയ്യുന്ന ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർക്ക് ബ്ലോക്ക് തലത്തിലുള്ള റിപ്പോർട്ടുകറം തയ്യാറാക്കുന്ന തിനുവേണ്ട സാങ്കേതികനിർദ്ദേശങ്ങറം നൽകുന്നതിനുള്ള ചുമതലയാണ് ഈ വിഭാഗത്തിനുള്ളത്. ബ്ലോക്കുകളിൽനിന്ന് ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന റിപ്പോർട്ടുകറം തയ്യാറാക്കി സംസ്ഥാന സർക്കാരിലേക്കും കേന്ദ്ര സർക്കാരിലേക്കും അയച്ചുകൊടുക്കുന്നു.

(1) ത്രൈമാസിക സാമൂഹിക വികസന റിപ്പോർട്ട്

(2) പ്രാദേശിക വികസന പ്രവർത്തനത്തെ സംബന്ധിക്കുന്ന ത്രൈമാസിക റിപ്പോർട്ട്.

(3) ഗ്രാമീണപ്രവർത്തന പരിപാടിയുടെ ത്രൈമാസിക പുരോഗതി അവലോകനം ചെയ്യുന്ന റിപ്പോർട്ട്.

(4) പ്രയുക്ത പോഷകാഹാര പരിപാടിയെക്കുറിച്ചുള്ള ത്രൈമാസിക റിപ്പോർട്ട്.

(5) സാമൂഹിക വികസന പരിപാടിയെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട്

(6) ഗോത്രപ്രദേശ വികസനത്തെ സംബന്ധിക്കുന്ന വാർഷിക റിപ്പോർട്ട്.

## ഇവാലുവേഷൻ വിഭാഗം

ഡയറക്ടറേററിലെ ഇവാലുവേഷൻ വിഭാഗം 1973—ൽ നിലവിൽ വന്നു. പഞ്ചവൽസര പദ്ധതികറം വന്നതോടെ പല രംഗത്തും പുരോഗമനപ്രവർത്തനങ്ങറം രൂപംകൊള്ളുകയുണ്ടായല്ലോ. വ്യക്തമായ ലക്ഷ്യങ്ങറം മുന്നിൽ കണ്ടുകൊണ്ടാണ് ഇത്തരം വികസന പദ്ധതികറം നടപ്പിൽ വരുത്തിയത്. എന്നാൽ പദ്ധതികറം പ്രാവർത്തികമാക്കുമ്പോറം, പല കാരണങ്ങളാലും, വീഴ്ചകളും, പാളിച്ചകളും പററുവാൻ സാദ്ധ്യതയുണ്ടെന്നിരിക്കെ അവയുടെ നടത്തിപ്പിനെക്കുറിച്ചും ലക്ഷ്യപ്രാപ്തിയെക്കുറിച്ചും പഠനം നടത്തി വിലയിരുത്തേണ്ടത് ആവശ്യമായി വന്നു. ഇത്തരം പഠനങ്ങറം നടത്തി യുക്തമായ നിർദ്ദേശങ്ങറം മുൻപോട്ടു വയ്ക്കുവാനുദ്ദേശിച്ചുകൊണ്ടാണ് ഇവാലുവേഷൻ വിഭാഗം രൂപീകരിച്ചിട്ടുള്ളത്.

ഈ വിഭാഗവും സ്റേററ്റ് പ്ലാനിംഗ് ബോർഡും യോജിച്ചുകൊണ്ടാണ് പഠനങ്ങറം നടത്താറുള്ളത്. പഠനത്തിൻെറ രൂപരേഖ പ്ലാനിംഗ് ബോർഡ് തയ്യാറാക്കുമ്പോറം, ഇവാലുവേഷൻ വിഭാഗം പ്രവർത്തനരംഗത്തു നിന്നും ആവശ്യമായ വിവരങ്ങറം ശേഖരിച്ച്, വേണ്ടതുപോലെ തരംതിരിച്ച് പ്ലാനിംഗ് ബോർഡിനെ ഏൽപ്പിക്കുന്നു. ചില അവസരങ്ങളിൽ ഇവാലുവേഷൻ വിഭാഗം സ്വന്തമായും പഠനങ്ങറം നടത്താറുണ്ട്.

ഇക്കഴിഞ്ഞ വർഷങ്ങളിലായി, കൃഷി, ജലസേചനം, വിദ്യാഭ്യാസം, തൊഴിൽ എന്നീ വിവിധരംഗങ്ങളിലെ വികസന പദ്ധതികളെക്കുറിച്ച് പഠനം നടത്തിയതിനു പുറമെ മണ്ണൊലിപ്പു നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചും ഗിരിവർഗ്ഗക്കാർക്കായുള്ള വികസന പദ്ധതികളെക്കുറിച്ചും പഠനം നടത്തുകയുണ്ടായിട്ടുണ്ട്.

നടപ്പു വർഷത്തിൽ ഈ വിഭാഗം പ്ലാനിംഗ് ബോർഡുമായി ചേർന്ന് നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പ്രോഗ്രാം എന്ന പദ്ധതിയെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒന്നാണ്. പദ്ധതിയുടെ ഉദ്ദേശങ്ങൾ, ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സമൂഹത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സമൂഹത്തിൽ നീണ്ടകാലം ഈടു നിൽക്കുന്ന ആസ്തികളുണ്ടാക്കുക, ഗ്രാമീണജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതരത്തിൽ ആഹാരമൂല്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ്. പദ്ധതി നടത്തിപ്പിനായി ഭാരതസർക്കാർ വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലായിക്കൊണ്ടിരിക്കെത്തന്നെ, ഈ മാനദണ്ഡങ്ങൾക്കനുസരിച്ചും, മൂല ലക്ഷ്യപ്രാപ്തിയെ ലാക്കാക്കിയും തന്നെയാണോ നടപ്പിലാക്കുന്നത് എന്നും അല്ലെങ്കിൽ എത്രമാത്രം വ്യത്യാസങ്ങളും ശോഷിക്കലും വന്നിട്ടുണ്ട് എന്നും പരിശോധിക്കുവാനുള്ള ശ്രമമാണ് ഈ പഠനം വഴി നടത്തുന്നത്. പഠനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## കോഓർഡിനേഷൻ വിഭാഗം

സംസ്ഥാനത്തിലെ എല്ലാ പ്രധാന വകുപ്പുകളിലും ഇപ്പോൾ സ്ഥിതിവിവരക്കണക്കു ഘടകങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയെല്ലാം ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ അനുബന്ധഘടകങ്ങളാണ്. ഈ ഘടകങ്ങളിലെ ജീവനക്കാർ എല്ലാംതന്നെ ഡിപ്പാർട്ടുമെൻറിലെ വിവിധ തലങ്ങളിൽനിന്നുള്ള സാങ്കേതിക ഉദ്യോഗസ്ഥൻമാരിൽ നിന്നും തെരഞ്ഞെടുത്ത് അയയ്ക്കപ്പെട്ടവരാണ്. വിവിധ വകുപ്പുകളിലെ പഞ്ചവൽസര പദ്ധതികളുടെ രൂപീകരണത്തിനും നടത്തിപ്പിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനംചെയ്തു കൊടുക്കേണ്ടത് അതതു വകുപ്പിലെ സ്ഥിതിവിവരക്കണക്കു ഘടകത്തിൻെറ ചുമതലയാണ്. സ്ഥിതിവിവരക്കണക്കുകൾ വിശകലനം ചെയ്ത് കാലാകാലങ്ങളിലുള്ള റിപ്പോർട്ടുകളായി കൊടുക്കേണ്ടതാണ്. ഇതുകൂടാതെ മാതൃഡിപ്പാർട്ടുമെൻറിൻെറ ദൈനംദിന ഭരണകാര്യങ്ങൾക്ക് ആവശ്യമായി വരുന്ന എല്ലാ സ്ഥിതിവിവരക്കണക്കുകളും യഥാസമയം ശേഖരിച്ച് കൊടുത്തുകൊണ്ടിരിക്കുന്നു.

വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിവരക്കണക്കു ഘടകങ്ങളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുകയും അവർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കുകയുമാണ് കോഓർഡിനേഷൻ വിഭാഗത്തിൻെറ പ്രധാന ചുമതല. ഈ വിഭാഗം വകുപ്പു തലത്തിലുള്ള സ്ഥിതിവിവരക്കണക്ക് ഉദ്യോഗസ്ഥൻമാരുടെ സമ്മേളനങ്ങൾ കാലാകാലങ്ങളിൽ വിളിച്ചുകൂട്ടി അവർ ഏറെറടുത്തിട്ടുള്ള വിവിധ സാങ്കേതിക വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

## പ്രസിദ്ധീകരണ വിഭാഗം

സംസ്ഥാനത്തിൻെറ സാമ്പത്തികാസൂത്രണത്തിന് ആവശ്യമായി വരുന്ന സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാന–ജില്ലാ–താലൂക്ക്–ബ്ലോക്ക് തലങ്ങളിലെ വിവിധ മേഖലകളിൽനിന്നും ശേഖരിച്ച് അപഗ്രഥിച്ച് പ്രസിദ്ധീകരിക്കുന്ന ചുമതല ഈ വിഭാഗത്തിനാണ്. കൂടാതെ ഡിപ്പാർട്ടുമെൻറിലെ

ഇതര വിഭാഗങ്ങൾ തയ്യാറാക്കുന്ന വിവിധ റിപ്പോർട്ടുകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുക, ത്രൈമാസിക—സ്ഥിതിവിവര വാർത്താവലോകനം തയ്യാറാക്കി കേന്ദ്രസ്ഥിതിവിവര സംഘടനയ്ക്ക് അയയ്ക്കുക, കേരളത്തിന്റെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ അവ ആവശ്യപ്പെടുന്ന കേന്ദ്ര—സംസ്ഥാന ഗവൺമെന്റുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും നൽകുക എന്നീ ജോലികളും ഈ വിഭാഗം ചെയ്തുവരുന്നു. ഈ വിഭാഗത്തിൽനിന്നും താഴെ പറയുന്ന പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കപ്പെടുന്നു.

1. സ്ററാററിസ്ററിക്സ് ഫോർ പ്ലാനിംഗ്
2. സ്ററാററിസ്ററിക്കൽ ഹാൻഡ് ബുക്ക് ഓഫ് കേരള
3. കേരള ഇൻ മാപ്സ്
4. കേരള ഇൻ ഫാക്ട്സ് ആൻറ് ഫിഗേഴ്സ്

ഒരു ത്രൈമാസിക ന്യൂസ്ലെററും ഈ വിഭാഗത്തിൽനിന്ന് സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് തുടർച്ചയായി അയച്ചുവരുന്നു.

മററു വിഭാഗങ്ങൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ, വിവിധ സർവേകൾക്കു വേണ്ടിയുള്ള ഫാറങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ അച്ചടിച്ച് വിതരണം ചെയ്യുന്നതിന്റെ ചുമതലയും ഈ വിഭാഗത്തിനാണ്.

ഡിപ്പാർട്ടുമെൻറിന്റെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനത്തെ ആസ്പദമാക്കി ഒരു ത്രൈമാസിക ന്യൂസ്ലെററർ പ്രസിദ്ധീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടു. ഈ ത്രൈമാസിക ന്യൂസ് ലെറററിന്റെ ആദ്യത്തെ പതിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

365

©
Government of Kerala
1983

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1983.